

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /എ.എൽ.പി /പി2/1087/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/11/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /എ.എൽ.പി /പി2/1087/2025 തീയ്യതി: 07/11/2025

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2024 മുതൽ 31-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സജിതാ ദാസ്	ഡെപ്യൂട്ടി ഡയറക്ടർ	12-08-2025	21-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-08-2025	21-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.ജോസഫ ജോർജ്ജ, അസിസ്റ്റന്റ ഓഡിറ്റ ഓഫീസർ
ശ്രീമതി രാജിമോൾ പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ജാസ്മിൻ റ്റി എസ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ജോയ് മാത്യു	സെക്രട്ടറി	01-04-2024	09-09-2024
ശ്രീമതി. യു റ്റി സുരക്ഷിത	സെക്രട്ടറി-ഇൻ-ചാർജ്ജ്	10-09-2024	12-09-2024
ശ്രീമതി. മാലിനി ആർ കർത്ത	സെക്രട്ടറി	13-09-2024	31-10-2024
ശ്രീമതി. യു റ്റി സുരക്ഷിത	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-11-2024	12-01-2025
ശ്രീ. ശശികുമാർ	സെക്രട്ടറി	13-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. ധന്യ രവി	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ശ്രീമതി. അഞ്ജന സുനിൽ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. സന്ധ്യ കെ പി	ഹെഡ് മിസ്ട്രസ്, ഗവ. എൽ പി എസ് പട്ടണക്കാട്	01-04-2024	31-03-2025
ശ്രീമതി. അശ്വതി ആർ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ഗായത്രി കെ എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	12-06-2024
ശ്രീ. വിനീത് എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	13-06-2024	31-03-2025
ഡോ. ജയിംസ് പി ജോയ്	മെഡിക്കൽ ഓഫീസർ	01-04-2024	31-03-2025

	(ഹോമിയോ)		
ശ്രീമതി. യു റ്റി സുരക്ഷിത	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
വേക്കന്റ്	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	08-04-2024
ശ്രീമതി. ഇന്ദുലേഖ ജി	ഐ സി ഡി എസ് സൂപ്പർവൈസർ	09-04-2024	31-03-2025
ഡോ. ജോർജ്ജ് കെ എ	മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)	01-04-2024	31-03-2025
ശ്രീമതി. സിനി എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	07-09-2024
വേക്കന്റ്	അസിസ്റ്റന്റ് എഞ്ചിനീയർ	08-09-2024	22-09-2024
ശ്രീമതി. പ്രസീജ ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	23-09-2024	07-01-2025
വേക്കന്റ്	അസിസ്റ്റന്റ് എഞ്ചിനീയർ	08-01-2025	20-01-2025

ശ്രീമതി. അഞ്ജു ജോർജ്ജ്	അസിസ്റ്റന്റ് എഞ്ചിനീയർ	21-01-2025	31-03-2025
വേക്കന്റ്	വെറ്റിനറി സർജൻ	01-04-2024	15-04-2024
ഡോ. കെ സി സന്തോഷ്	വെറ്റിനറി സർജൻ	16-04-2024	22-07-2024
ഡോ. ബിനു എം കെ	വെറ്റിനറി സർജൻ	23-07-2024	13-08-2024
ഡോ. രാജേഷ് ഫ്രാൻസിസ് തോമസ്	വെറ്റിനറി സർജൻ	14-08-2024	31-03-2025
ശ്രീ. ലൈജുമോൻ വി പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പട്ടണക്കാട് സർക്കിൾ)	01-04-2024	09-09-2024
വേക്കന്റ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പട്ടണക്കാട് സർക്കിൾ)	10-09-2024	30-09-2024

ശ്രീമതി. ഇന്ദുലേഖ എൻ എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പട്ടണക്കാട് സർക്കിൾ)	01-10-2024	31-03-2025
ശ്രീമതി. മേരി ബനജ കെ ജെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെട്ടക്കൽ സർക്കിൾ)	01-04-2024	09-09-2024
വേക്കന്റ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെട്ടക്കൽ സർക്കിൾ)	10-09-2024	30-09-2024
ശ്രീമതി. നിഷ ജോൺ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെട്ടക്കൽ സർക്കിൾ)	01-10-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മന്റുമായി പൊരുത്തപ്പെടുന്നില്ല	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	B4 ഷെഡ്യൂളിലെ തുക ട്രഷറിയിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല	1-1-4
6	ആസ്തി രജിസ്റ്ററിൽ സ്ഥലത്തിന്റെ യഥാർത്ഥ മൂല്യം ഉൾപ്പെടുത്തുന്നില്ല	1-1-5
7	തിരിച്ചടയ്ക്കാനവശേഷിക്കുന്ന വായ്പാ തുകയുടെ കൃത്യത ഉറപ്പാക്കുന്നില്ല	1-1-6
8	യഥാർത്ഥ ചെലവിലും അധിക തുക സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു	1-1-7

9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമപദ്ധതികൾ	1-7
15	ക്യാഷ് വെരിഫിക്കേഷൻ	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	ലേല നടപടികളിലെ അപാകതകൾ - നിരതദ്രവ്യം കണ്ടുകെട്ടി അറിയിക്കേണ്ടതാണ്	1-10
18	വിവിധ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടില്ല	1-11
19	ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്	1-12
20	വാർഷിക വാടക വർദ്ധനവിലും ചെക്ക് ബൌൺസായതിന്മേലും നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല	1-13
21	വസ്തുനികുതി - കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു	1-14

22	അന്ധകാരനഴി ബീച്ച് - DTPC യുമായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായും വ്യക്തമായ കരാർ ചമയ്ക്കുന്നില്ല	1-15
23	ഓഡിറ്റ് ഇംപാക്ട് - ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് - ആദായനികുതി ഈടാക്കിയതിലെ കുറവ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി	1-16
24	ജീവൻ വിലപ്പെട്ടത് ശ്രദ്ധയോടെ മുന്നോട്ട് - പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് മിറർ സ്ഥാപിക്കൽ - കുറഞ്ഞ ടെൻഡർ അവഗണിച്ചു കൂടുതൽ നിരക്കിൽ വാങ്ങൽ നടത്തി	1-17
25	ഹരിതകർമ്മസേനയ്ക്ക് യൂണിഫോം വാങ്ങൽ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ വാങ്ങൽ നടത്തി	1-18
26	കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച വാട്ടർ ടാങ്കിൽ എം.സി.എഫ് നവീകരണം- വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല	1-19
27	പുതിയ കാലത്തെ കാഴ്ചകളിലൂടെ- വയോജന വനിതകളുടെ കലാമേള – പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ	1-20
28	റെയിൽവേയുടെ എൻ.ഒ.സി വാങ്ങാതെ റെയിൽവേ ഭൂമിയിൽ റോഡ് ടാറിംഗ് - പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ച നിലയിൽ.	1-21

29	ലാപ്ടോപ്പ് വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-22
30	ബയോബിൻ വാങ്ങലും വിതരണവും-അപാകങ്ങൾ	1-23
31	പ്രീമൺസൂൺ ചെലവ് - ഒരേ തോടുകൾ ക്ലീൻ ചെയ്യതിനായി രണ്ട് പ്രാവശ്യം തുക അനുവദിച്ചിരിക്കുന്നു	1-24
32	തുണി സഞ്ചി വാങ്ങി നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ	1-25
33	മാലിന്യമുക്ത നവകേരളം-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ	1-26
34	അന്ധകാരനഴി ബീച്ച് ഫെസ്റ്റ് -പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ	1-27
35	സൗര ഗാർഹിക വിളക്ക്- അധിക തുക സബ്സിഡി നൽകി	1-28
36	ഹരിതകർമ്മ സേനയ്ക്ക് ഇ-കാർട്ട് വാങ്ങൽ- വാഹനം തിരികെ ലഭ്യമായിട്ടില്ല	1-29
37	പഠനമുറി നിർമ്മാണം -മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല	1-30
38	പഞ്ചായത്ത് ജനങ്ങളിലേക്ക് - സർക്കാർ അനുമതിയില്ലാതെ പ്രോജക്ട് നടപ്പാക്കി	1-31
39	പകൽവീട് -ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അംഗീകരിച്ച നിരക്കിലും അധികം നൽകി	1-32

40	തെരുവ് വിളക്ക് പരിപാലനം - അപാകതകൾ	1-33
41	അഗതി ആശ്രയ പദ്ധതി-ചെലവഴിക്കാത്ത തുക അക്കൗണ്ടിൽ നിലനിൽക്കുന്നു	1-34
42	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം വാഹനം റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കിയിട്ടില്ല	1-35
43	ഹരിതകർമ്മസേനയ്ക്കാവശ്യമായ പ്രിന്റിംഗ് ജോലികൾക്ക് തനത് ഫണ്ട് ഉപയോഗിച്ചു	1-36
44	പക്ഷികളെ കള്ളിംഗ് നടത്തുന്നതിനായുള്ള ചെലവ് - രസീതിന്റെ ആധികാരികത വ്യക്തമല്ല	1-37
45	ഭവനപുനരുദ്ധാരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല	1-38
46	മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വില മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല	1-39
47	സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ - ആദായനികുതി ഈടാക്കിയില്ല	1-40
48	ഡയാലിസിസ് രോഗികൾക്ക് ധനസഹായം	1-41
49	ജി.എസ്.ടി-ഉറവിടത്തിൽ കുറവ് ചെയ്തില്ല	1-42
50	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-43
51	ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-44

52	ഈടാക്കിയ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും നിശ്ചിത ഫണ്ടുകളിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല	1-45
53	വിശപ്പ് രഹിത പട്ടണക്കാട്-ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല	1-46
54	കെ-സ്മാർട്ടിൽ ഡാറ്റാ എൻട്രി നടത്താനുള്ള ക്രമീകരണം ഏർപ്പെടുത്താത്തതിനാൽ വിവരശേഖരണത്തിനായുള്ള ചെലവ് പാഴ്ചെലവായി	1-47
55	റിട്രോഫിറ്റിംഗ്-അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ ആനുകൂല്യം നൽകി	1-48
56	കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും ഈടാക്കിയത് തെറ്റായ ഹെഡ്ഡിൽ ഉൾപ്പെടുത്തി- നികുതി വിഹിതം നാളിതുവരെ ഒടുക്കിയിട്ടില്ല	1-49
57	മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത ഇൻഷുറൻസ് കവറേജ് എടുത്തിട്ടില്ല	1-50
58	റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി നടപ്പാക്കാത്തത് മൂലം അധിക ചെലവ് ഉണ്ടാകുന്നു	1-51
59	ക്യാഷ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല	1-52
60	മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവുതുകകൾ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം ഒടുക്കുവരുത്തുന്നില്ല	1-53

61	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-54
62	ജൽ ജീവൻ പദ്ധതി-അവലോകനം	1-55
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ഒരേ കാലയളവിൽ രണ്ട് നിരക്കിൽ ബയോബിന്നുകൾ പർച്ചേസ് ചെയ്തു	3-1
2	സൗരഗാർഹിക വിളക്ക്-അധിക തുക സബ്സിഡി നൽകി	3-2
ഭാഗം 4		
1	മെഡിസെപ്പ്	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10

11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25/6/25 ലെ 3(1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 05/7/25 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പട്ടണക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ

ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പട്ടണക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

1-1-4 B4 ഷെഡ്യൂളിലെ തുക ട്രഷറിയിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഇതുവരെ ലഭിച്ച തുകയിൽ 13649731/- രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ സൂക്ഷിച്ചിരുന്ന ട്രഷറി ജോയന്റ് വെഞ്ചർ അക്കൗണ്ടിൽ നിലവിൽ നീക്കിയിരുപ്പ് ഇല്ല. വാർഷിക കണക്കിലെ അപാകത പരിഹരിക്കേണ്ടതാണ്.

1-1-5 ആസ്തി രജിസ്റ്ററിൽ സ്ഥലത്തിന്റെ യഥാർത്ഥ മൂല്യം ഉൾപ്പെടുത്തുന്നില്ല

ആസ്തി രജിസ്റ്ററിൽ സ്ഥലത്തിന്റെ യഥാർത്ഥ മൂല്യം ചേർത്തിട്ടില്ല. സ്ഥലത്തിന്റെ ആകെ മൂല്യമായി 365256/- രൂപ മാത്രമാണ് ചേർത്തിരിക്കുന്നത്. കൂടാതെ ആർജ്ജിക്കുന്ന എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിലേയ്ക്ക്

ചേർക്കുന്നില്ല.

1-1-6 തിരിച്ചടയ്ക്കാനവശേഷിക്കുന്ന വായ്പാ തുകയുടെ കൃത്യത ഉറപ്പാക്കുന്നില്ല

വാർഷിക കണക്കിൽ ലൈഫ് ഭവന പദ്ധതി വായ്പാ തുകയിൽ തിരിച്ചടയ്ക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള തുക വായ്പ നൽകിയ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നുള്ള സാക്ഷ്യപത്രവുമായി ഒത്തുനോക്കി കൃത്യത ഉറപ്പാക്കുന്നില്ല. വായ്പാ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ വായ്പ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങി തിരിച്ചടയ്ക്കാനവശേഷിക്കുന്ന വായ്പാ തുകയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

1-1-7 യഥാർത്ഥ ചെലവിലും അധിക തുക സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ട് നം. S0067/25 പ്രകാരം 36,960/- രൂപയും പ്രോജക്ട് നം. S0272/25 പ്രകാരം 1,50,801/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുള്ളതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചതു പ്രകാരം മേൽ തുകകൾ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടില്ല.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 09.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് 22.03.2025ലെ 2-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	32,84,41,419	32,61,76,000

വാർഷിക കണക്ക് പ്രകാരം (I&E)	28,01,97,822	29,52,89,991

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	:	3,81,15,317
ഓഡിറ്റ് വർഷത്തെ വരവ്	:	8,46,47,335
ആകെ	:	12,27,62,652
ഓഡിറ്റ് വർഷത്തെ ചെലവ്	:	7,19,61,469
നീക്കിയിരുപ്പ്	:	5,08,01,183

ഓഡിറ്റ് വർഷത്തെ ആകെ വരവ്,ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	സോഴ്സിൽ പിടിച്ചത്	അലോട്ട്മെന്റ് വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	0	6413440	29780560	36194000	36193326	674
വികസന ഫണ്ട് (എസ്.സി.പി)	0	488403	4534597	5023000	3601135	1421865
വികസന ഫണ്ട് (റ്റി.എസ്.പി)	0	16867	160133	177000	176367	633

ഫണ്ടിനം	മുന്നിരിപ്പ്	സോഴ്സിൽ പിടിച്ചത്	അലോട്ട്മെന്റ് വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
മെയിന്റനൻസ് ഫണ്ട് -റോഡ്	0	0	11345000	11345000	8514159	2830841
മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്	0	0	8322000	8322000	4421469	3900531
ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് (ബാങ്ക്)	3741825	0	12452500	16194325	2971900	13222425 (Bank)
ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്(ട്രഷറി)	0	0	1372316	1372316	185544	1186772
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (ബാങ്ക്)	2266861	0	6098000 + 318334 (Interest)	8683195	6443228	2239967 (Bank)
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (ട്രഷറി)	0	0	2925	2925	0	2925

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	നടപ്പാക്കിയത്	പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
302	333688817	103802668	190	83	107	112	27.48%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	2,402	18,86,816	18,89,218	17,75,176	1,14,042
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	11,14,29,824	11,14,29,824	11,14,29,824	0
ആകെ	**2,402**	**11,33,16,640**	**11,33,19,042**	**11,32,05,000**	**1,14,042**

1-7 ക്ഷേമപദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	7,32,44,400	465
വിധവാ പെൻഷൻ	1,36,94,000	1009
വാർദ്ധക്യകാല പെൻഷൻ	3,42,43,600	2949

വികലാംഗ പെൻഷൻ	64,34,200	431
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	3,0000	1
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	16,66,200	111

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2025 തീയതിയിൽ 3.00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7521/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്ന് വാങ്ങലുകൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ വീഴ്ച വരുത്തുന്നു.

5. ക്വട്ടേഷൻ/ടെൻഡർ നടപടികളിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 ലേല നടപടികളിലെ അപാകതകൾ - നിരതദ്രവ്യം കണ്ടുകെട്ടി അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഓഫീസ് പുതുക്കിപണിയുന്നതുമായി ബന്ധപ്പെട്ട് പൊളിച്ചുനീക്കിയ സാമഗ്രികളും സ്ക്രാപ്പും ലേലം ചെയ്യുന്നതിനായി LSGD അസിസ്റ്റന്റ് എഞ്ചിനീയർ 51260/- രൂപയുടെ മൂല്യനിർണ്ണയം നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19.07.2024 ലെ ലേല നോട്ടീസിന്റെ അടിസ്ഥാനത്തിൽ 30.07.2024-ൽ നടത്തിയ ലേലത്തിൽ 37 പേർ 520/- രൂപ നിരതദ്രവ്യം അടവാക്കി പങ്കെടുത്തു. ശ്രീ.കുമാർ.കെ.റ്റി. എന്നയാൾക്ക് 100000/- രൂപയ്ക്ക് ലേലം ഉറപ്പിച്ചതായി ലേലഡയറിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ടിയാൻ ലേലത്തുക അടവാക്കിയില്ല. എന്നാൽ ടിയാളുടെ നിരതദ്രവ്യം കണ്ടുകെട്ടിയതായും കാണുന്നില്ല.

തുടർന്ന് 01.08.2024 ലെ ലേല നോട്ടീസിന്റെ അടിസ്ഥാനത്തിൽ 09.08.2024ൽ നടന്ന ലേലത്തിൽ 2600/- രൂപ വീതം ഇ.എം.ഡി. സ്വീകരിക്കുകയും 80001/- രൂപയ്ക്ക് ശ്രീ.സാബു, രാമനേഴത്ത് എന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. എന്നാൽ ടിയാനും ലേലത്തുക അടവാക്കിയതായോ ലേലത്തിൽ നിന്നും പിൻമാറിയതായോ രേഖകളില്ല. തൊട്ടടുത്ത തുകയായ 75500/- രൂപ വിളിച്ചിരുന്ന ശ്രീ.സമീർ.പി.എ. പുത്തൻപറമ്പിൽ എന്നയാൾക്കും ലേലം ഉറപ്പിച്ചതായി കാണുന്നില്ല. പിന്നീട് 04.10.2024-ൽ ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കൂടിയ തുകയായ 65000/- രൂപ കോട്ട് ചെയ്തിരുന്ന ശ്രീ.ഹാഷിം വലിയപറമ്പിൽ എന്ന വ്യക്തിക്ക് ഉറപ്പിക്കുകയും ടിയാൾ തുക അടവാക്കുകയും ചെയ്യുകയാണുണ്ടായത്.

ലേലത്തിൽ നിന്നും ഒഴിവായവരുടെ നിരതദ്രവ്യം കണ്ടുകെട്ടിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (14/18.08.2025) ലഭ്യമാക്കിയ മറുപടിയിൽ രണ്ടാമത്തെ നിരക്ക് കോട്ട്

ചെയ്തിരുന്ന വ്യക്തിയെ അറിയിച്ചെങ്കിലും ടിയാൾ കരാർ വയ്ക്കുന്നതിന് സന്നദ്ധനായില്ല എന്നും ആയതിനാലാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നുമാണ് അറിയിച്ചിട്ടുള്ളത്. രണ്ടാം ലേലക്കാരന് നോട്ടീസ് നൽകിയതിന്റെ രേഖകൾ ഒന്നുംതന്നെ ഫയലിൽ ലഭ്യമല്ല. ആവശ്യമായ രേഖകൾ സ്വീകരിക്കാതെ ലേലനടപടികൾ സ്വീകരിക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. ലേലം ഉറപ്പിച്ചശേഷം ലേലത്തിൽ നിന്നും പിൻവലിഞ്ഞവരുടെ നിരതദ്രവ്യം കണ്ടുകെട്ടി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11 വിവിധ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് സഞ്ചയ പ്രകാരം വളരെ കുറഞ്ഞ വിസ്തൃതിയാണുള്ളത്. ആയതിനാൽ എഞ്ചിനീയറിംഗ് വിഭാഗം മുഖേന അളന്ന് തിട്ടപ്പെടുത്തി അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (22/18.8.25) അസിസ്റ്റന്റ് എഞ്ചിനീയർ താഴെപ്പറയുന്ന അളവുകൾ ഉള്ളതായി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം.	സ്ഥാപനം	സഞ്ചയപ്രകാരമുള്ള വിസ്തൃതി (M^2)	അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിസ്തൃതി (M^2)
1	പെട്രോൾ പമ്പ് (VII/498)	$32M^2$	$344.785M^2$
2	ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റ് (I/281)	$61.2M^2$	$315.68+76.73$ M^2 (ഒന്നാം നില – Half Roofed)

മേൽ സൂചിപ്പിച്ചതിൽ പെട്രോൾ പമ്പിന്റെ കനോപ്പി ഏരിയ ഉൾപ്പെടെയുള്ള അനധികൃത നിർമ്മിതികൾക്കും ബിവറേജസ് കോർപ്പറേഷൻ ഉപയോഗിച്ചുവരുന്ന കെട്ടിടത്തിനും ബാധകമായ വസ്തുനികുതി നിർണ്ണയിച്ച്

ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

	ഇനം	ഈടാക്കിയ തുക (ആദ്യ അർദ്ധ വർഷം)	ഈടാക്കിയ തുക (രണ്ടാം അർദ്ധവർഷം)	റിമാർക്സ്
കല്യാൺ ജ്വല്ലേഴ്സ് ഇന്ത്യ ലിമിറ്റഡ്	സ്ഥാപന തൊഴിൽനികുതി	--	1250	
ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	ജീവനക്കാരുടെ തൊഴിൽനികുതി	1250	--	
എക്സ്ട്രീവീവ്, പട്ടണക്കാട്	,,			ലൈസൻസ് അപേക്ഷ പ്രകാരം 400 ൽ അധികം ജീവനക്കാരു ണ്ടെങ്കിലും 30 പേരുടെ തൊഴിൽ നികുതി മാത്രമാണ് അടവാക്കി യിട്ടുള്ളത്.

SCUGVHS	,,			ക്ലർക്കിന്റെ തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.
റേഷൻ കടകൾ				ഒന്നുംതന്നെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

2)കൂടാതെ തൻവർഷം ഗ്രാമപഞ്ചായത്തിലെ വിവിധ കരാർ ജോലികൾ ഏറ്റെടുത്തിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. റ്റി.ജെ. ജോബ്
2. മനോജ് കുമാർ.കെ.എസ്.
3. ജിതിൻ വർഗ്ഗീസ്
4. വിഷ്ണുരാജ് എം.എസ്.
5. സുനിൽകുമാർ.പി.എസ്.
6. അതുൽ സഞ്ജയ്
7. സി.എ.ബഷീർ
8. ബിജോ കുര്യാക്കോസ്
9. ജോസ്ന കെ.എൻ.
10. രാമകൃഷ്ണൻ.കെ.പി.

തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (23/18.8.25) ലഭ്യമാക്കിയ മറുപടിയിൽ എക്സ്ട്രീവീവ്, പട്ടണക്കാട് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് സ്ലെങ്ത് 645 എണ്ണം എന്ന് സൂചിപ്പിച്ചിട്ടുള്ളത് അംഗീകരിച്ചാലും ലൈസൻസ് അപേക്ഷയിൽ 400 ൽ അധികം ജീവനക്കാർ എന്നാണ് കാണിച്ചിട്ടുള്ളത്. കൂടാതെ ആകെ 165 ജീവനക്കാർ ഉള്ളതായും 135 പേരുടെ തൊഴിൽനികുതി ചേർത്തല നഗരസഭയിൽ അടവാക്കി എന്നുമാണ് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. പട്ടണക്കാട് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ തൊഴിൽനികുതി ചേർത്തല നഗരസഭയിൽ അടവാക്കേണ്ടതില്ല. മേൽ സ്ഥാപനത്തിന്റെ മറ്റ് യൂണിറ്റുകൾ ചേർത്തല നഗരസഭാ

പരിധിയിൽ പ്രവർത്തിക്കുന്നതിന്റെ തൊഴിൽനികുതിയാണ് ചേർത്തല നഗരസഭയിൽ അടവാക്കിയിട്ടുള്ളത്. മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം ആധികാരികമായി നിർണ്ണയിച്ച് തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

മറ്റ് സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും റേഷൻകടകളുടെയും കരാറുകാരുടെയും തൊഴിൽനികുതി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വാർഷിക വാടക വർദ്ധനവിലും ചെക്ക് ബൌൺസായതിന്മേലും നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം വാടക ഈടാക്കുന്നതിൽ ചില അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

എ) 5% വാർഷിക വാടക വർദ്ധനവ് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തികവർഷം 5% വാർഷിക വർദ്ധനവ് വരുത്താതെ മുൻവർഷത്തെ വാടക തന്നെ ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്.

ബി) ചെക്ക് ബൌൺസായതിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4/389D (പ്രതിമാസ വാടക-1930/-), 4/376 (പ്രതിമാസ വാടക-4768/-) എന്ന കടമുറികളുടെ 2023-24 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശികയിനത്തിലുള്ള 55172/- രൂപയുടെ ചെക്ക് (10164482/ഫെഡറൽ ബാങ്ക്) മടങ്ങിയിരുന്നു. തുടർന്ന് വാടകക്കാരനായ ശ്രീ. അബ്ദുൾ കലാമിന് 18.4.24-ൽ നോട്ടീസ് നല്കിയെങ്കിലും തുക അടവാക്കാത്തതിനെ തുടർന്ന് കേസ് ഫയൽ ചെയ്യുന്നതിനായി 9.8.24 ൽ അഡ്വ. ഡി. വിനോദിന് കത്തും രേഖകളും നല്കിയെങ്കിലും നാളിതുവരെ കേസ് ഫയൽ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് വാടക രജിസ്റ്റർ പ്രകാരം 4/389D എന്ന കടമുറിയുടെ 2024 ജൂൺ വരെയും 4/376 എന്ന കടമുറിയുടെ 2024 ജൂലൈ വരെയുമുള്ള വാടക അടവാക്കിയിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റിന് നല്കിയ കത്തിൽ 4/376 എന്ന കടമുറിയുടെ 2022 നവംബർ മുതലുള്ള വാടക കുടിശ്ശിക എന്നുമാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് നല്കിയ രേഖകളിൽ അവ്യക്തതയുള്ളതിനാൽ അഡ്വക്കേറ്റ് ഫയൽ തിരികെ നല്കിയതായാണ് കാണുന്നത്.

2024-25 സാമ്പത്തിക വർഷവും വാടകയിനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല. ടിയാൻ ഗ്രാമപഞ്ചായത്തുമായി കരാർ വയ്ക്കാതെ നിലവിലും കടമുറി ഉപയോഗിച്ചുവരുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (24/18.8.25) "ദേശീയപാത നവീകരണവുമായി ബന്ധപ്പെട്ട് വാഹനം പാർക്കു ചെയ്യുന്നതിനും മറ്റു ബുദ്ധിമുട്ടായതിനാൽ വ്യാപാരികൾക്ക് കച്ചവടനഷ്ടം ഉണ്ടായതിനാലാണ് വാടകയിൽ വർദ്ധനവ് വരുത്താതിരുന്നതെന്നാണ്" മറുപടി ലഭ്യമാക്കിയത്. എന്നാൽ സർക്കാർ ഉത്തരവിനുവിരുദ്ധമായി ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തത് അംഗീകരിക്കാനാവില്ല. ദേശീയപാതയോരത്ത് വ്യാപാരസ്ഥാപനങ്ങളുള്ള മറ്റ് ഗ്രാമപഞ്ചായത്തുകളൊന്നും ഇപ്രകാരമൊരു നടപടി സ്വീകരിച്ചിട്ടുമില്ല. ആയതിനാൽ വാടകയിൽ നിയമാനുസൃത വർദ്ധനവ് വരുത്തി കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ചെക്ക് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന്, ചെക്ക് മടങ്ങിയതിനുശേഷം തുക അടവാക്കാമെന്ന് ടിയാൾ പലപ്രാവശ്യം ഗ്രാമപഞ്ചായത്തിനെ അറിയിച്ചെന്നും ടിയാൾക്കെതിരെ ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിനാലാണ് കേസ് നല്കാതിരുന്നതെന്നുമാണ് മറുപടി നല്കിയത്. എന്നാൽ 2023-24 വർഷത്തെയും 2024-25 വർഷത്തെയും വാടകകുടിശ്ശികയ്ക്കായി 10.4.25 ൽ ഓൺലൈൻ റവന്യൂ റിക്കവറി നോട്ടീസ് നല്കുകയാണ് ചെയ്തിട്ടുള്ളത്. റവന്യൂ റിക്കവറി നടപടികളിൽ പ്രതിമാസം 2% പലിശ ബാധകമാകുമെങ്കിലും നോട്ടീസിൽ ആയത് പ്രതിവർഷം 2% എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നോട്ടീസിന്മേൽ തുടർനടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടുമില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു എന്നത് ചെക്ക് മടങ്ങിയതിന്മേൽ കേസ് കൊടുക്കാതിരിക്കുന്നതിനുള്ള കാരണമല്ല. ചെക്ക് മടങ്ങിയതിനുശേഷം 2024-25 സാമ്പത്തികവർഷവും നിലവിലും ടിയാൾ 2 കടമുറികൾ

ഗ്രാമപഞ്ചായത്തിന്റെ അനുവാദമില്ലാതെ ഉപയോഗിച്ചുവരുന്നു എന്നത് ഗൌരവമായ വിഷയമാണ്. കൂടാതെ ടിയാൾ തുക അടവാക്കിയപ്പോൾ നല്കിയിരുന്ന രസീത് നാളിതുവരെ റദ്ദ് ചെയ്തിട്ടുമില്ല.

ചെക്ക് മടങ്ങിയതിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 വസ്തുനികുതി - കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് തെറ്റായ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതിനാൽ വസ്തുനികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

ഉടമയുടെ പേര്	കെട്ടിട നം.	വിസ്തൃതി (M^2)	നിർണ്ണയിച്ച നിരക്ക്	നിർണ്ണയിക്കേണ്ടത്	കുറവ്
ദിനേഷ് ഷേണായി മാളിയേക്കൽ	5/147A,B,C	111.12	45/-	65/-	20x111.12=2222/-

100 ചതുരശ്രമീറ്ററിനുമുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 65/-രൂപ നിരക്കാണ് ഈടാക്കേണ്ടതെങ്കിലും മേൽ സൂചിപ്പിച്ച പ്രകാരം കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/21.8.25), കുറവായി നിർണ്ണയിച്ചിട്ടുള്ള കെട്ടിടഭാഗങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.
നികുതി പുനർനിർണ്ണയിച്ച് ആവശ്യമായ ഇളവുകളും വർദ്ധനവും വരുത്തി നികുതി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 അന്ധകാരനഴി ബീച്ച് - DTPC യുമായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായും വ്യക്തമായ കരാർ ചമയ്ക്കുന്നില്ല

അന്ധകാരനഴി ബീച്ച് പാർക്കിംഗ് ഫീ പിരിവിനുള്ള രസീതിൽ DTPCയുടെ പേര് ഉൾപ്പെടുത്തിയത് സംബന്ധിച്ച് DTPC യുടെ പരാതിയുടെ അടിസ്ഥാനത്തിൽ 03.09.23 മുതൽ 23.09.23 വരെ പാർക്കിംഗ് നടക്കാത്തതിനാൽ കരാറുകാരനായ ശ്രീ.പ്രദീപ്, നാറാണത്ത് ഒരു വർഷത്തേയ്ക്കായി മുൻകൂർ അടവാക്കിയിരുന്ന ലേലത്തുകയ്ക്ക് ആനുപാതികമായ 24797/- (431000/365x21) രൂപയും പ്രിന്റിംഗ് ചാർജിനത്തിൽ ചെലവായ 23000/- രൂപയും ഉൾപ്പെടെ 47797/- രൂപ (വൌച്ചർ നം.22400230 ചെക്ക് നം.00796/21.6.24) ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.6.24ലെ 10(2) നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തിരികെ നല്കിയിട്ടുണ്ട്.

രസീത് പ്രിന്റിംഗ് കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കെ DTPC യുടെ പേര് രസീതിൽ ഉൾപ്പെടുത്തിയത് കരാറുകാരന്റെ വീഴ്ചയാണ്. ആയതിന് തൻവർഷം അച്ചടിച്ച രസീതിന്റെ മുഴുവൻ തുകയും ഗ്രാമപഞ്ചായത്ത് തിരികെ നല്കിയത് ശരിയായ നടപടിയല്ല. കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിച്ച് 01.01.23 മുതൽ 02.09.23 വരെ പിരിവ് നടത്തിയിട്ടുള്ളതാണ്. രസീതുകൾ പ്രിന്റ് ചെയ്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ ആധികാരികമായ രേഖയൊന്നുമില്ല.

DTPCയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ലേലത്തുകയിൽനിന്നും 94133/- രൂപ DTPCയ്ക്ക് നല്കിയിട്ടുണ്ട് (വൌച്ചർ നം.22400512). ലേലത്തുകയിൽ നിന്നും മേൽ തുക DTPC കൈപ്പറ്റിയിട്ടുള്ളതിനാൽ രസീതിൽ പേര് ഉൾപ്പെടുത്തി എന്ന പരാതിക്ക് അടിസ്ഥാനമില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/20.8.25), "10 വർഷത്തോളമായി DTPC യുടെ പേര് ഉപയോഗിച്ചാണ് രസീതുകൾ പ്രിന്റ് ചെയ്യുന്നതെന്നും ആയതിന്റെ തുടർച്ചയായാണ് നിലവിലും DTPC യുടെ പേര് ഉപയോഗിച്ച് രസീതുകൾ പ്രിന്റ് ചെയ്തിട്ടുള്ളതെന്നും DTPC പട്ടണക്കാട് പോലീസ് സ്റ്റേഷനിൽ നല്കിയ പരാതി ഒഴിവാക്കുന്നതിനാണ് രസീതുകൾ ക്യാൻസൽ ചെയ്ത്, രസീതുകൾ പ്രിന്റ് ചെയ്തതിന്റെ തുക തിരികെ നല്കിയതെന്നുമാണ്" മറുപടി ലഭ്യമാക്കിയത്. DTPC യുമായുള്ള കരാർ നിലവിൽ പഞ്ചായത്തിൽ ലഭ്യമല്ല എന്നും പാർക്കിംഗിനായി ഉപയോഗിക്കുന്ന സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റേതാണെന്നും

DTPC നിർമ്മിച്ചിട്ടുള്ള കെട്ടിടവും ടോയ്‌ലെറ്റ് ബ്ലോക്കും ഉപയോഗിക്കുന്നതിനാണ് DTPCയ്ക്ക് ലേലത്തുകയുടെ നിശ്ചിത ശതമാനം തുക നല്കിവരുന്നതെന്നുമാണ് ഗ്രാമപഞ്ചായത്ത് നേരിൽ അറിയിച്ചത്. ലേലത്തുകയിൽനിന്നും ചെലവ് കുറവ് ചെയ്തതിനുശേഷമുള്ള തുകയുടെ നിശ്ചിത ശതമാനം അനുവദിക്കുന്നതിനാണ് DTPCയുമായി കരാറുള്ളതെന്നാണ് മറുപടിയിൽ അറിയിച്ചത്. എന്നാൽ DTPC യുമായുള്ള കരാർ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ല.
പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിച്ച് 01.01.23 മുതൽ 02.09.23 വരെ പിരിവ് നടത്തിയിട്ടും പ്രിന്റിംഗ് ചാർജിനത്തിൽ ചെലവായ 23000/- രൂപയും കരാറുകാരന് തിരികെ നല്കിയിട്ടുണ്ട്. ടി തുകയുടെ കൃത്യത നിർണ്ണയിച്ച് അധികമായി നൽകിയ തുക ഈടാക്കുന്നതിന് വകുപ്പ് തല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.
DTPC യുടെ കെട്ടിടവും ടോയ്‌ലെറ്റ് ബ്ലോക്കും ഉപയോഗിക്കുന്നതിന് DTPC യുമായും പാർക്കിംഗ് സ്ഥലം ഉപയോഗിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായും പ്രത്യേകം കരാറിൽ ഏർപ്പെടുന്നതിനും ബീച്ച് പരിപാലിക്കുന്നതിന്റെ ചെലവുകൾ കിഴിച്ച് ബാക്കി തുകയുടെ നിശ്ചിതശതമാനം മാത്രം മേൽ സ്ഥാപനങ്ങൾക്ക് നല്കുന്നതിനും കരാറിൽ ഏർപ്പെടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ഓഡിറ്റ് ഇംപാക്ട് - ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് - ആദായനികുതി ഈടാക്കിയതിലെ കുറവ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി

നിർവ്വഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള 5 ഹൈമാസ്റ്റ് ലൈറ്റുകളിൽ 4 എണ്ണത്തിന്റെ റിപ്പയറിംഗ് നടത്തിയതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് നൽകിയ 550000 രൂപയിൽ (ഇൻവോയ്സ് നം. UEI/890/19.03.2024) നിന്നും 2% ജി എസ് റ്റി 11000 രൂപയും ആദായനികുതി 5500 രൂപയും ഈടാക്കിയിട്ടുണ്ട്. 1961 ലെ ആദായ നികുതി നിയമം, സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/-ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും മറ്റുള്ളവരിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ

ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഈ പ്രോജക്ടിൽ 1% ആദായനികുതി മാത്രമാണ് ഈടാക്കിയിരുന്നത്.

പ്രോജക്ട് നം./പേര്	നൽകിയ തുക (ജി. എസ്.റ്റി കിഴിച്ച്)	ഈടാക്കിയ ആദായനികുതി	ഈടാക്കേണ്ടത്	കുറവ്	കരാർ സ്ഥാപനം
S0171/25 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിംഗ്	53500/- ചെക്ക് നം. 041494/09.01.2025 480000/- ചെക്ക് നം.002988/09.09.2024 ആകെ 533500/-	5500	10670	5170	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 5/16.08.2025) നല്കിയതിനെത്തുടർന്ന് 5170 രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി രസീത് ഹാജരാക്കി. തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്തി വിശദാംശം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-17 ജീവൻ വിലപ്പെട്ടത് ശ്രദ്ധയോടെ മുന്നോട്ട് - പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് മിറർ സ്ഥാപിക്കൽ - കുറഞ്ഞ ടെൻഡർ അവഗണിച്ചു.കൂടുതൽ നിരക്കിൽ വാങ്ങൽ നടത്തി

പ്രോജക്ട് നം. S0078/25

അടങ്കൽ : 360000 (തനതുഫണ്ട്)

നിർവ്വഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

2024-25 വർഷം ആരംഭിച്ച് 2025-26 വർഷം സ്പിൽ ഓവർ ആയി തുടരുന്ന ഈ പ്രോജക്ട് പ്രകാരം 75 ട്രാഫിക് മിറർ (CS 1301 – Convex Mirror-24" With Name Board Including Panchayat Name And Other Details) പ്രോക്സിമ ട്രേഡ് ലിങ്ക്സ്, അവലൂക്കുന്ന്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. GST/24-25/036 തീയതി 13.02.2025 പ്രകാരം 360000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് (തുക നൽകിയത് 2025-26 വർഷമാണ്). ISO Certified Road Safety Convex Mirrors (24 Inch-600mm) With Name Board And Stainless Steel Fitting Pipe എന്ന സ്പെസിഫിക്കേഷൻ ഉള്ള മിറർ ലഭ്യമാക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ 3 ടെൻഡറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അസജ ഐ റ്റി സൊല്യൂഷൻസ്, ചങ്ങനാശ്ശേരി (L1) – 3984 രൂപ

ഹെലിക്സ് ഏജൻസീസ് അവലൂക്കുന്ന്, ആലപ്പുഴ (L2) – 4299 രൂപ

പ്രോക്സിമ ട്രേഡ് ലിങ്ക്സ്, അവലൂക്കുന്ന്, ആലപ്പുഴ (L3) – 4832 രൂപ

മേൽ സ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡർ ഫോമുകളിൽ മേൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനോട് കൂടിയ സാമഗ്രികൾ ലഭ്യമാക്കാമെന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടപ്പോൾ അസജ ഐ റ്റി സൊല്യൂഷൻസ്, ചങ്ങനാശ്ശേരി, ഹെലിക്സ് ഏജൻസീസ്, അവലൂക്കുന്ന്, ആലപ്പുഴ എന്നീ സ്ഥാപനങ്ങൾ ISO Certified സാമഗ്രികൾ ലഭ്യമാക്കാൻ കഴിയില്ലെന്നും പ്രോക്സിമ ട്രേഡ് ലിങ്ക്സ്, അവലൂക്കുന്ന്, ആലപ്പുഴ എന്ന സ്ഥാപനം സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കാമെന്നും അറിയിച്ചതായും ആയതിനാൽ പ്രോക്സിമ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ കമ്മറ്റി അംഗീകരിക്കുകയും ചെയ്തതായി പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നം. 3(1)/11.12.2024-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറിയുടെ 07.12.2024 - ലെ SC2-6343/23 നമ്പർ കത്തിൽ 3 സ്ഥാപനങ്ങളോടും സാമ്പിളും ഗുണനിലവാരം തെളിയിക്കുന്ന രേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ടു എങ്കിലും ഇവ ഹാജരാക്കിയതായോ പരിശോധിച്ചതായോ കാണുന്നില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സ്

പരിശോധിച്ചതിൽ ഈ വാങ്ങലുമായി ബന്ധപ്പെട്ട് യാതൊരു തീരുമാനങ്ങളും എടുത്തിട്ടില്ല. അസജ ഐ റ്റി സൊല്യൂഷൻസ്, ചങ്ങനാശ്ശേരി, ഹെലിക്സ് ഏജൻസീസ്, അവലൂക്കുന്ന്, ആലപ്പുഴ എന്നീ സ്ഥാപനങ്ങൾ ISO Certified സാമഗ്രികൾ ലഭ്യമാക്കാൻ കഴിയില്ലെന്ന് അറിയിച്ചത് സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ ISO Certified ആണെന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് ആരും തന്നെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുകയോ ISO Certified ആണെന്ന് ഉറപ്പാക്കുകയോ ചെയ്തിട്ടില്ല. 20.08.2025 – ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ, മിറുകളിൽ ISO സംബന്ധിച്ച് രേഖപ്പെടുത്തലുകളൊന്നും തന്നെയില്ലെന്ന് കണ്ടെത്തി. ISO Certified അല്ല എന്ന കാരണത്താൽ കുറഞ്ഞ ടെൻഡറുകൾ അവഗണിക്കുകയും ISO Certified അല്ലാത്ത സാധനങ്ങൾ തന്നെ കൂടിയ വിലയ്ക്ക് വാങ്ങുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല എന്ന മാത്രമല്ല, ഇതുവഴി വാങ്ങൽ മാർഗ്ഗരേഖയുടെ ലംഘനം കൂടിയാണ് നടത്തിയിട്ടുള്ളത്. ഇതുമൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും 61200 (816x75) രൂപയുടെ അധികച്ചെലവ് ആണ് ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.1/16.08.2025) ഓഡിറ്റ് പരിശോധനയിൽ ചൂണ്ടിക്കാട്ടിയപ്പോഴാണ് ISO സർട്ടിഫിക്കേഷൻ സംബന്ധിച്ച അപാകത ശ്രദ്ധയിൽപ്പെട്ടതെന്നും സ്ഥാപനം സമർപ്പിച്ച ടെൻഡറിൽ ISO സർട്ടിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടുള്ളതും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണെന്നും സ്ഥാപനത്തിന് നോട്ടീസ് നൽകി വിശദീകരണം ആവശ്യപ്പെടുന്നതാണെന്നും അപാകത പരിഹരിച്ചില്ലെങ്കിൽ സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ഹരിതകർമ്മസേനയ്ക്ക് യൂണിഫോം വാങ്ങൽ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ വാങ്ങൽ നടത്തി

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നം./തീയതി
ഹരിതകർമ്മസേനയ്ക്ക് യൂണിഫോം,സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകൽ (Spill Over പ്രോജക്ട് നം.- S0186/25	₹2,50,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)	₹2,07,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)	ചെക്ക് നം. 170699/21.12.24 ₹2,07,000/- (UTR No. SBIN524358807329/23.12.24)

ഹരിതകർമ്മസേനയ്ക്ക് യൂണിഫോം വാങ്ങുന്നതിനായി പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും ₹2,07,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

-പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽ (PBIG) നിന്നും ഹരിതകർമ്മസേനയ്ക്ക് യൂണിഫോം വാങ്ങുന്നതിനായി തുക ചെലവഴിക്കാമെന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളോ അനുമതിയോ ഇല്ല.

-തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമായ വാങ്ങൽ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 1,00,000/-രൂപക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ഓപ്പൺ ടെണ്ടർ നടപടിയിലൂടെയാണ് നടത്തേണ്ടത്. എന്നാൽ അപ്രകാരമല്ല ചെയ്തിരിക്കുന്നത്.

-ഓപ്പൺ ടെണ്ടറിന് പകരം ക്വട്ടേഷൻ വഴിയാണ് വാങ്ങൽ നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ഇല്ല. ക്വട്ടേഷൻ ക്ഷണിച്ച് 7 ദിവസം സമയം നൽകി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറന്ന് പരിശോധിക്കേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥൻ താരതമ്യ പട്ടിക തയ്യാറാക്കി ആയതിന് പർച്ചേസ് കമ്മിറ്റിയുടെയും, പഞ്ചായത്ത് കമ്മിറ്റിയുടെയും അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

-ലഭിച്ച ക്വട്ടേഷനുകൾ പരിശോധിച്ചതിൽ പ്രാദേശികമായ ക്വട്ടേഷനുകൾ ഒന്നും ഇല്ല. മൂന്നെണ്ണവും വീയപുരത്ത് നിന്നുള്ളതാണ്. രേഖകൾ പ്രകാരം മൂന്ന് സ്ഥാപനവും ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നത് 16.8.24 ൽ ആണ്. ഇതിൽ അതിജീവൻ മിനി അപ്പാരൽ യൂണിറ്റ്, വീയപുരം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയത്. മൂന്ന് സ്ഥാപനങ്ങളും ക്വട്ടേഷൻ സമർപ്പിച്ച 16.8.24 തീയതിയിൽ തന്നെയാണ് ഇൻവോയ്സ് നം.317/16.8.24 പ്രകാരം 120 സെറ്റ് യൂണിഫോം അതിജീവൻ മിനി അപ്പാരൽ യൂണിറ്റ് എന്ന സ്ഥാപനം തയ്ച്ച് നൽകിയിരിക്കുന്നത്. യൂണിഫോമിന്റെ ഇൻവോയ്സും, ലഭിച്ച മൂന്ന് ക്വട്ടേഷനുകളും ഒരേ തീയതിയിലും (16.8.24) ക്വട്ടേഷനുകൾ ഒരേ സ്ഥലത്തുള്ള (വീയപുരം) സ്ഥാപനങ്ങളിൽ നിന്നുള്ളതുമായതിനാൽ തന്നെ ക്വട്ടേഷൻ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

-സപ്ലൈ ഓർഡർ നൽകിയതായ രേഖകൾ ഇല്ല.

-ലഭ്യമാക്കിയ ഇൻവോയ്സിൽ ജി.എസ്.ടി നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/20.8.2025) നിർവ്വഹണ ഉദ്യോഗസ്ഥ പിന്നീട് മറുപടി ലഭ്യമാക്കുമെന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്.

ഓപ്പൺ ടെൻഡറിന് പകരം ക്വട്ടേഷൻ വഴി വാങ്ങൽ നടത്തിയപ്പോഴും, അതിന്റെ അടിസ്ഥാന നടപടിക്രമങ്ങൾ പോലും പാലിക്കാതെ ക്വട്ടേഷൻ സമർപ്പിച്ച അതേ ദിവസം തന്നെ (16.8.24) സാധനങ്ങൾ വിതരണം ചെയ്തതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത് വാങ്ങൽ നടപടികൾക്ക് മുൻപേ തന്നെ വിതരണം നടന്നുവോ എന്ന് സംശയം ഉയർത്തുന്നു. സാധാരണഗതിയിൽ, ക്വട്ടേഷൻ സമർപ്പിച്ച്, താരതമ്യം ചെയ്ത്, ഓർഡർ നൽകിയതിനു ശേഷമാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത്. ഇവിടെ സപ്ലൈ ഓർഡർ പോലും നൽകിയിട്ടില്ല. ഈ ക്രമക്കേടുകൾ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്താൻ സാധ്യതയുള്ളതിനാൽ തന്നെ ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണ്. പദ്ധതിയ്ക്കായി വിനിയോഗിച്ച ₹2,07,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച വാട്ടർ ടാങ്കിൽ എം.സി.എഫ് നവീകരണം- വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല

പ്രോജക്ടിന്റെ പേര്	**എം.സി.എഫ് കെട്ടിട നവീകരണം**
പ്രോജക്ട് നമ്പർ	S0200/25
അടങ്കൽ	₹17,21,204/-
ചെലവു വിവരം	₹8,32,391/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW

ഗ്രാമപഞ്ചായത്തിലെ എം.സി.എഫ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നവീകരണത്തിനായി തയ്യാറാക്കിയ 25,00,000/- എസ്റ്റിമേറ്റുള്ള പ്രവൃത്തിയുടെ സ്പിൽ ഓവർ പ്രോജക്ടിലെ ചെലവുകളാണ് സാമ്പത്തിക വർഷം നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ പാർട്ട് ബില്ലുകളാണ് സാമ്പത്തിക വർഷത്തെ പ്രോജക്ടിലുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് കേരള വാട്ടർ അതോറിറ്റി നിർമ്മിക്കുകയും കുടിവെള്ള ടാങ്കായി ഉപയോഗിച്ചുവന്നിരുന്നതുമായ കെട്ടിടത്തിലാണ് നിലവിൽ ഗ്രാമപഞ്ചായത്തിലെ എം.സി.എഫ് പ്രവർത്തിക്കുന്നത്. വാട്ടർ ടാങ്കിന്റെ തൂണുകൾ ഷീറ്റ് ഉപയോഗിച്ച് മറയ്ക്കുകയും നിലവിലുള്ള ടാങ്കിൽ ജി.ഐ പൈപ്പുകളും ഷീറ്റും ഉപയോഗിച്ച് രണ്ട് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതടക്കമുള്ള നിർമ്മാണ പ്രവൃത്തികളാണ് പ്രോജക്ട് പ്രകാരം ചെയ്തിട്ടുള്ളത്. മുൻ സാമ്പത്തിക വർഷവും (2023-24) നടപ്പ് സാമ്പത്തിക വർഷവും (2025-26) ഈ കെട്ടിടവുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾക്ക് വിവിധ പ്രോജക്ടുകളിൽ തുക ചെലവഴിച്ചുവരുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതു പ്രകാരം കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

01) ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് കേരള ജലഅതോറിറ്റി നിർമ്മിച്ച വാട്ടർ ടാങ്കും ചുറ്റുമുള്ള സ്ഥലവുമാണ് ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫ് ആയി പ്രവർത്തിക്കുന്നത്. വാട്ടർ അതോറിറ്റി നിർമ്മിച്ച ഈ

കെട്ടിടത്തിന്റെ ഉടമസ്ഥത ഗ്രാമപഞ്ചായത്തിന് കൈമാറിയതിനെ സംബന്ധിക്കുന്ന രേഖകളൊന്നും (കരാർ, കെട്ടിട നമ്പർ, ഉടമസ്ഥത സർട്ടിഫിക്കറ്റ്, കരം ഒടുക്കിയ രസീത് എന്നിവ) ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

02)ഗ്രാമപഞ്ചായത്തിന്റെ സ്ഥലം വർഷങ്ങൾക്ക് മുമ്പ് കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി നൽകിയിരുന്നതായാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. വാട്ടർ ടാങ്ക് നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പൊതുമേഖല സ്ഥാപനം ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ, അതിലെ വ്യവസ്ഥകൾ, മറ്റ് രേഖകൾ എന്നിവ ലഭ്യമായിട്ടില്ല.

03) കേരള വാട്ടർ അതോറിറ്റി ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ വാട്ടർ ടാങ്ക് നിർമ്മിച്ചതിന്റെ ഭാഗമായാണ് ഈ വാട്ടർ ടാങ്കിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതെന്നാണ് വിശദീകരണം ലഭ്യമാക്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിച്ചതായോ വാട്ടർ അതോറിറ്റി കോടിക്കണക്കിന് രൂപ മുടക്കി നിർമ്മിച്ച കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫ് പ്രവർത്തിപ്പിക്കുന്ന ആവശ്യത്തിലേക്കായി വിട്ടുനൽകിയതായുള്ള രേഖകളൊന്നും ലഭ്യമായിട്ടില്ല. ഈ കാര്യത്തിനായി ഇരുസ്ഥാപനങ്ങളും കരാർ തയ്യാറാക്കിയിട്ടില്ല.

04) വാട്ടർ അതോറിറ്റി നിർമ്മിച്ച വാട്ടർ ടാങ്കും അതിന്റെ കോമ്പൗണ്ടും ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫ് പ്രവർത്തിക്കുന്നതിനായി ഉപയോഗിക്കുന്നതിന് തടസ്സമില്ല എന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി എൻ.ഒ.സി നൽകിയിട്ടുള്ളതായും വിവരങ്ങൾ ലഭ്യമായിട്ടില്ല.

05) കേരള വാട്ടർ അതോറിറ്റി പ്രവർത്തനം അവസാനിപ്പിച്ചതായ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പോലുള്ള സാങ്കേതികകാര്യങ്ങൾ ഉറപ്പുവരുത്തിയ ശേഷമായിരുന്നു വലിയ നിർമ്മാണ പ്രവർത്തനങ്ങൾ ഈ കെട്ടിടത്തിൽ നടത്തേണ്ടിയിരുന്നത്. എന്നാൽ ഇത്തരം രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

06)വാട്ടർ ടാങ്കിന്റെ തൂണുകൾ ഷീറ്റ് ഉപയോഗിച്ച മറച്ച്, തൂണുകളിൽ ജി.ഐ പൈപ്പുകളും ഷീറ്റും ഉപയോഗിച്ച് രണ്ട് പ്ലാറ്റ്ഫോം നിർമ്മിച്ച് സ്റ്റോറേജ് സൗകര്യം പ്രോജക്ട് പ്രകാരം ഉണ്ടാക്കിയെങ്കിലും ഇത് പ്ലാസ്റ്റിക് സംഭരണത്തിന് ഉപയോഗിക്കണമെങ്കിൽ വലിയ തുക ചെലവഴിച്ച് ലിഫ്റ്റ് ഉൾപ്പടെയുള്ള സൗകര്യങ്ങൾ കൂടി ആവശ്യമാണ്. നിലവിൽ പുറത്ത് നിർമ്മിച്ച ഇരുമ്പ് ഗോവണികളിലൂടെ സാധനങ്ങൾ

മുകളിലെ സ്റ്റോറേജിൽ എത്തിക്കുന്നത് ശ്രമകരമാണ്. നടപ്പ് സാമ്പത്തിക വർഷം (2025-26) ഈ കെട്ടിടവുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾക്ക് വിവിധ പ്രോജക്ടുകളിൽ തുക ചെലവഴിച്ചുവരുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ലിഫ്റ്റ് ഉൾപ്പടെയുള്ള വലിയ നിർമ്മാണ പ്രവർത്തികൾ എം.സി.എഫിൽ നടത്തുന്ന സാഹചര്യത്തിൽ ഈ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനും കെട്ടിടത്തിന്റെ ദീർഘകാലത്തെ തുടർ ഉപയോഗം ഉറപ്പുവരുത്തുന്നതിനും സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥത ഉറപ്പാക്കാനുള്ള രേഖകൾ കൃത്യമായി പരിശോധിക്കേണ്ടതും പ്രോജക്ട് നിർവ്വഹണത്തിന് അനിവാര്യമായ രേഖകളെല്ലാം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ -38/20-08-2025) ക്ക് വില്ലേജ് ഓഫീസ് രേഖകൾ പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത ഗ്രാമപഞ്ചായത്തിനാണെന്നും കെട്ടിടത്തിന് എം.സി.എഫ് എന്ന പേരിൽ കെട്ടിടനമ്പരുണ്ടെന്നും അറിയിച്ചു. എന്നാൽ ഹാജരാക്കിയ കെട്ടിട വിവരങ്ങൾ പ്രകാരം 6/277A എന്ന് നമ്പർ നൽകിയ കെട്ടിടത്തിന് മൂന്ന് വർഷം മാത്രമാണ് പഴക്കമുള്ളത്. കെട്ടിടം രേഖകളിൽ എം.സി.എഫ് എന്ന പേരിലാണ് ചേർത്തിരിക്കുന്നത്. കൂടാതെ 04/04/2025 ൽ മാത്രമാണ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിരിക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് നിർമ്മിക്കപ്പെട്ട വാട്ടർ ടാങ്ക് 3 വർഷം മാത്രം പഴക്കമുള്ള എം.സി.എഫ് കെട്ടിടമെന്ന പേരിൽ ഗ്രാമപഞ്ചായത്തന്റെ കെട്ടിടവിവരങ്ങളിൽ ഉൾപ്പെടുത്തിയതെങ്ങനെ എന്നതിൽ വ്യക്തതയില്ല. ഗ്രാമപഞ്ചായത്ത് അസറ്റ് രജിസ്റ്ററിൽ കേരള വാട്ടർ അതോറിറ്റിക്ക് ടാങ്ക് പണിയുന്നതിനുള്ള സ്ഥലമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.കേരള വാട്ടർ അതോറിറ്റി കോടികൾ ചെലവഴിച്ച്, ലക്ഷം ലിറ്ററിലേറെ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക് ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് നിർമ്മിക്കുമ്പോൾ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ദീർഘകാല ഉപയോഗത്തിനുള്ള കൈവശാവകാശവും മറ്റ് അവകാശങ്ങളും സംരക്ഷിക്കുന്ന വ്യവസ്ഥകൾ രേഖാമൂലം ഉറപ്പുവരുത്തുമെന്നത് സ്വാഭാവികമാണ്. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വലിയ തുക ചെലവഴിച്ച് വർഷങ്ങൾ കൊണ്ട് വലിയ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്നും സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഉപയോഗത്തിനും കൈവശത്തിനുമുള്ള എല്ലാ നിയമപരമായ രേഖകളും കരാറുകളും

അവകാശങ്ങളും ഉണ്ടെന്ന് ഉറപ്പാക്കേണ്ടത് അനിവാര്യതയാണ്. ഇതിനുള്ള നടപടി സ്വീകരിച്ച് മാത്രം പ്രോജക്ടുകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.





ഗ്രാമപഞ്ചായത്ത് എം.സി.എഫ് പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള ടാങ്ക് കെട്ടിടം

1-20 പുതിയ കാലത്തെ കാഴ്ചകളിലൂടെ- വയോജന വനിതകളുടെ കലാമേള – പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ/പേര്	പുതിയ കാലത്തെ കാഴ്ചകളിലൂടെ- വയോജന വനിതകളുടെ കലാമേള (S0071/25)

അടങ്കൽ	₹1,36,900/-(വികസന ഫണ്ട് -ജനറൽ)
ചെലവ്	₹1,36,900/-(വികസന ഫണ്ട് -ജനറൽ)
ബിൽ നം & തീയതി	TRN- 24060500000019547 Dtd 17-01-2025 ₹1,36,900/-
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ***പുതിയ കാലത്തെ കാഴ്ചകളിലൂടെ- വയോജന വനിതകളുടെ കലാമേള*** എന്ന പ്രോജക്ടിന്റെ ഭാഗമായി 2025 ജനുവരി മാസം, 5-ാം തീയതി അന്ധകാരനഴി ബീച്ചിൽ നടന്ന പരിപാടിയിൽ, ഗാനമേളയും (മ്യൂസിക്കൽ ഫ്യൂഷൻ) 24 വയോജന വനിതകളെ പങ്കെടുപ്പിച്ച് കലാമേളയും ഭക്ഷണ വിതരണവും ഉൾപ്പെടെ നടത്തിയതിന് വികസനഫണ്ടിൽ നിന്നും ₹1,36,900/- ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-84/2022/ത.സ്വ.ഭ.വ, തീയതി 19.04.2022 പ്രകാരമുള്ള വാർഷിക പദ്ധതി മാർഗ്ഗരേഖ, ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ, തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായ പ്രോജക്ടുകളാണ് തദ്ദേശസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നത്. ഇവയിൽ പരാമർശിക്കാത്ത ഇനങ്ങളിൽ പ്രോജക്ടുകൾ (നൂതന പ്രോജക്ടുകൾ) ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേണ്ടിയുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരം ആവശ്യമാണ്. പ്രോജക്ട് നടപ്പിലാക്കുന്നതിന് മുമ്പ് ഇപ്രകാരമുള്ള അംഗീകാരമോ ഈയിനത്തിൽ സഹായം നൽകാൻ സർക്കാരിൽ നിന്നും പ്രത്യേകം അനുവാദമോ മുൻകൂർ അനുമതിയോ വാങ്ങിയതായുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

02) 2025 ജനുവരി മാസം, 5-ാം തീയതി അന്ധകാരനഴി ബീച്ചിൽ 24 വയോജന വനിതകളെ പങ്കെടുപ്പിച്ച് നടത്തിയ പരിപാടിയിലെ ചെലവുകളാണ് പ്രോജക്ടിൽ നിന്നും നടത്തിയിട്ടുള്ളത്. ഗാനമേള അവതരിപ്പിച്ചതിന് "ദി ബീറ്റ് റൂട്ട്സ്, മുഹമ്മ" എന്ന സ്ഥാപനത്തിന്റെ പേരിലുള്ള ബിൽ പ്രകാരം ₹60,000/-, ലൈറ്റ് & സൗണ്ട് സംവിധാനങ്ങൾക്ക് ചക്കര ലൈറ്റ് & സൗണ്ട് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള ബിൽ

പ്രകാരം ₹40,500/-, സ്റ്റേജ്, കസേര എന്നിവക്കായി ദേവി ടാക്സി ഹൗസ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള ബിൽ പ്രകാരം ₹23,250/-, 24 വയോജനങ്ങളെ പരിപാടി നടന്ന അന്ധകാരനഴി ബീച്ചിൽ എത്തിക്കാനുള്ള വണ്ടി വാടക, ഭക്ഷണ ചെലവ് എന്നിവയാണ് പ്രോജക്ടിലെ മറ്റ് ചെലവുകൾ. സ്ഥാപനങ്ങളുടെ പേരിൽ ബില്ലുകൾ നൽകിയെങ്കിലും മുഴുവൻ ബിൽ തുകയും ഏതാനും വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്കാണ് നൽകിയത്. ഇത് ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവർ തന്നെയാണോ, എന്തുകൊണ്ട് സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക നൽകിയില്ല എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

3) പ്രോജക്ട് തയ്യാറാക്കൽ, ഡി.പി.സി അംഗീകാരം എന്നിങ്ങനെയുള്ള നടപടികൾക്കായി സമയം ലഭ്യമായിട്ടും പ്രോജക്ടിനാവശ്യമായ കൃത്യമായ മുന്നൊരുക്കങ്ങൾ നടത്താതെയും വിതരണക്കാരെ കണ്ടെത്തുന്നതിനായി ടെണ്ടർ, ക്വട്ടേഷൻ എന്നിവ പോലുള്ള നടപടി ക്രമങ്ങൾ പാലിക്കാതെയും തുക ചെലവഴിച്ചു.

4) നടപ്പാക്കിയ പ്രോജക്ടിൽ ഏത് മാനദണ്ഡപ്രകാരമാണ് ഗാനമേളക്കായി പ്രത്യേക ട്രൂപ്പിനെയും അവർക്കുള്ള പ്രതിഫല തുക എന്നിവ തീരുമാനിച്ചതെന്നും ലൈറ്റ് & സൗണ്ട്, സ്റ്റേജ് ഡെക്കറേഷൻ എന്നിവക്കായി വിവിധ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തതെന്നുമുള്ള വിവരം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വയോജനങ്ങളുടെ കലാമേള എന്ന പ്രോജക്ടിന്റെ ഭാഗമായി സ്വകാര്യട്രൂപ്പിന്റെ ഗാനമേള നടത്തുന്നതിനും ഇതിനായിമാത്രം വികസന ഫണ്ടിൽ നിന്നും ₹60,000/-ചെലവഴിക്കുന്നതിനും ഏതെങ്കിലും അനുമതിയോ സർക്കാർ സാധൂകരണമോ നേടിയിട്ടില്ല. ഗാനമേള നടത്തുന്ന സ്ഥാപനവുമായി പരിപാടിയുടെ തീയതി, നിരക്ക്, നിരക്കിൽ ഉൾപ്പെട്ടിട്ടുള്ള സംവിധാനങ്ങൾ (സ്റ്റേജ് ക്രമീകരണം, ലൈറ്റ് & സൗണ്ട്) എന്നീ കാര്യങ്ങളിൽ രേഖാമൂലമുള്ള കരാർ തയ്യാറാക്കിയിട്ടില്ല.

5)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ. (പി) നം.259/2010/ത.സ്വ.ഭ.വ./8.11.2010 പ്രകാരം 5,000 രൂപ മുതൽ 25,000 രൂപ വരെ ക്വട്ടേഷനിലൂടെയും 25,000 രൂപക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള സാധനങ്ങളും സേവനങ്ങളുടേയും സമാഹരണം ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള സമാഹരണം ഓപ്പൺ ടെണ്ടർ

നടപടിയിലൂടെയുമാണ് നടത്തേണ്ടത്. എന്നാൽ പ്രോജക്ട് പ്രകാരം വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഈ പരിധി പ്രകാരമാണ് ബിൽ തുക നല്കിയെങ്കിലും പ്രസ്തുത നടപടികൾ സ്വീകരിച്ചിട്ടില്ല.

6) ഏറ്റവും പ്രധാനമായി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2025 ജനുവരി മാസം 4,5,6 തിയതികളിലായി അന്ധകാരനഴി ബീച്ചിൽ തന്നെ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ബീച്ച് ഫെസ്റ്റിവൽ നടത്തിയിരുന്നു. ഇതേ സ്ഥലത്ത്, ബീച്ച് ഫെസ്റ്റ് ഉദ്ഘാടനത്തിനായും വിവിധ കലാപരിപാടികൾക്കുമായി തയ്യാറാക്കിയ അതേ വേദിയിൽത്തന്നെയാണ് 5-ാം തീയതി വയോജന കലാമേളയും നടത്തിയത്. എന്നാൽ രണ്ട് പ്രോജക്ടിൽ നിന്നും ഈ പരിപാടികൾ നടത്തുന്നതിനുള്ള സ്റ്റേജ്, പന്തൽ, കസേര, ലൈറ്റ് & സൗണ്ട് എന്നിവയുടെ തുക ചെലവഴിച്ചിട്ടുണ്ട്. ഒരേ വ്യക്തിക്ക് തന്നെയാണോ തുക നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.
മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/22.8.25) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച ₹1,36,900/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 റെയിൽവേയുടെ എൻ.ഒ.സി വാങ്ങാതെ റെയിൽവേ ഭൂമിയിൽ റോഡ് ടാറിംഗ് - പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ച നിലയിൽ.

പ്രോജക്ടിന്റെ പേര് – പനവേലി ചാത്തംപറമ്പ് റോഡ് വാർഡ് -7
പ്രോജക്ട് നം. - S0196/25

അടങ്കൽ തുക – 250000/-

ചെലവ് തുക – 120680/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)
ബിൽ നം. 24060500000024222/17.03.2025

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW

കരാറുകാരൻ – പി.എസ്. സുനിൽകുമാർ

എഗ്രിമെന്റ് നം. - 1/AE/LID&EW/Ptkd/2021-22 തീയതി 29.10.2021

പട്ടണക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് നം. 7-ൽ പനവേലി -ചാത്തൻപറമ്പ് റോഡ് മെയിന്റനൻസ് പ്രോജക്ടിൽ റോഡ് ടാറിംഗ് പ്രവൃത്തിക്കായി 2021-22 സാമ്പത്തിക വർഷം ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനായ പി.എസ് സുനിൽകുമാർ എന്നയാളുമായി 29.10.2021 ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, മേൽ പ്രവൃത്തിക്കായി 17/01/2022 ൽ 317246 രൂപയും 25/03/2022-ൽ 132754 രൂപയും 2024-25 ൽ 10/03/2025 ൽ ₹120680 രൂപയുമടക്കം 5,70,680 രൂപ നാളിതുവരെ പ്രോജക്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. റെയിൽവേയുടെ എൻ.ഒ.സി ലഭിക്കാത്തതിനാൽ ടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ലായെന്നും ബാക്കി ബിൽ തുകയും സെക്യൂരിറ്റി തുകയും തിരികെ ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ വിവരം 14-03-2025 ലെ 1/AE/LSGD/PKDGP/2024-25 കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇതുവരെ ലഭ്യമായിട്ടില്ല. 6 മാസ പൂർത്തീകരണ കാലാവധി നൽകി 29/10/2021 ൽ സൈറ്റ് കൈമാറിയ പ്രവൃത്തി നാലുവർഷം പിന്നിട്ട്, പ്രോജക്ടിൽ നിന്നും ₹5,70,680/- ചെലവഴിച്ചശേഷം ലക്ഷ്യം കാണാതെ അവസാനിപ്പിച്ചിരിക്കുകയാണ്.

ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തി നടന്നുവരികെ തന്നെ റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി 3 മീറ്റർ വീതിയിൽ 100 മീറ്ററോളം കൈയ്യേറി ഗ്രാമപഞ്ചായത്ത് റോഡ് ടാറിംഗ് പ്രവൃത്തി നടത്തുന്നതായും ആയതിനാൽ നിർമ്മാണം അടിയന്തിരമായി നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ട് റെയിൽവേ സീനിയർ സെക്ഷൻ എഞ്ചിനീയർ ALLP/14/Encroachment Dtd. 23-02-2022 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. റെയിൽവേ ഉടമസ്ഥതയിലുള്ള മേഖലയിൽ ഉൾപ്പെട്ട പ്രസ്തുത സ്ഥലത്ത് റോഡ് റീടാറിംഗ് പ്രവൃത്തി നടത്തുന്നതിനുമുമ്പ് റെയിൽവേയിൽ നിന്നും അനുമതി വാങ്ങുകയോ എൻ.ഒ.സി കരസ്ഥമാക്കുകയോ ചെയ്തിരുന്നില്ല. റെയിൽവേയുടെ കത്ത് ലഭിച്ചശേഷവും തുടർനിർമ്മാണം

നടത്തുന്നതിനാവശ്യമായ എൻ.ഒ.സി ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് റെയിൽവേക്ക് കത്ത് നൽകിയതായോ തുടർനടപടികളെന്തെങ്കിലും സ്വീകരിച്ചതായോ ഉള്ള രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. റെയിൽവേ ഭൂമി ഉൾപ്പെട്ട വസ്തുവിൽ മുൻകൂർ അനുമതിയില്ലാതെ റോഡ് റീടാറിംഗിനായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ₹5,70,680/-രൂപ ചെലവഴിച്ച പ്രവൃത്തി നിലവിലും പൂർത്തീകരിക്കാത്ത സ്ഥിതിയിലാണ്. റോഡ് നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ ഉടമസ്ഥത ഉറപ്പാക്കാനുള്ള രേഖകൾ കൃത്യമായി പരിശോധിക്കാതെ റോഡ് ടാറിംഗ് നടത്തുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് ഡി.പി.സി അംഗീകാരം വാങ്ങുകയും പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിലും റയിൽവേ എൻ.ഒ.സി വാങ്ങാതെ ഫണ്ട് ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയാണ് പ്രോജക്ട് പൂർത്തീകരിക്കുവാനാകാതെ വന്നതിന് പ്രധാന കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നടപ്പാക്കുവാൻ കഴിയുന്നതാണോയെന്ന് കൃത്യമായി പരിശോധിച്ച് ഉറപ്പാക്കാതെ പദ്ധതി ആസൂത്രണ, നിർവ്വഹണ നടപടികളുമായി ഗ്രാമപഞ്ചായത്ത് മുന്നോട്ട് പോയത് ശരിയായ നടപടിയല്ല. റെയിൽവേയിൽ നിന്നുള്ള അനുമതി ഇനിയും ലഭിക്കാതിരുന്നതിനാൽ 7,00,000 രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്ട് നാലുവർഷങ്ങൾക്ക് ശേഷവും ലക്ഷ്യം കാണാതെ ഉപേക്ഷിക്കേണ്ടിവരുന്ന സ്ഥിതിയുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-31/20-08-2025) നൽകിയ മറുപടിയിൽ പ്രവൃത്തി നടത്തിയ റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്നതിനാലാണ് സ്ഥലത്തിന്റെ ഉടമസ്ഥത പോലുള്ള കാര്യങ്ങളിൽ അധികപരിശോധന നടത്താതിരുന്നതെന്നും റെയിൽവേയിൽ നിന്നുള്ള സ്റ്റോപ്പ് മെമ്മോ ലഭിച്ചയുടൻ വിവരം ഗ്രാമപഞ്ചായത്തിൽ അറിയിച്ചിരുന്നതായും ഇതിനകം നിർവ്വഹിച്ച പ്രവൃത്തികളുടെ തുക മാത്രമേ കരാറുകാരന് നൽകിയിട്ടുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഭൂമിയിലുള്ള റെയിൽവേയുടെ അവകാശവാദം തെറ്റാണ് എന്നതിനുള്ള രേഖകൾ ഹാജരാക്കുകയോ ഭൂമി അളന്ന് തിട്ടപ്പെടുത്തുക പോലുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തതായ രേഖകളൊന്നും നിലവിലും ലഭ്യമാക്കിയിട്ടില്ല. റെയിൽവേ നിർമ്മാണം തടഞ്ഞ ഭാഗത്തെ പ്രവൃത്തി നടത്താനാകാത്തതിനാൽ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ഇത്രയും തുക ചെലവഴിച്ച

നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനായി വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധയിൽ പെടുത്തുന്നു.

1-22 ലാപ്ടോപ്പ് വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നം./തീയതി
എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പ്രോജക്ട് നം- S0026/25	₹2,26,000 (₹2 ലക്ഷം എസ്.സി.പി, ₹26000/-തനത് ഫണ്ട്)	₹2,06,556 (₹2 ലക്ഷം എസ്.സി.പി, ₹6556/-തനത് ഫണ്ട്)	TRN 240605000000021032/ 06.2.25, ₹2 ലക്ഷം, ചെക്ക് നം. 01048082/ 30.1.25,6556/-

ടി പ്രോജക്ട് പ്രകാരം Legendary Distributors Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും GeM പോർട്ടൽ മുഖേന 6 ലാപ്ടോപ്പുകൾ ₹34426/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇൻവോയ്സ് പ്രകാരം ലാപ്ടോപ്പുകൾ 6 എണ്ണം പർച്ചേസ് ചെയ്തെങ്കിലും 5 എണ്ണമാണ് വിതരണം നടത്തിയിട്ടുള്ളത്. അഞ്ച് പേരുടെ അപേക്ഷകളാണ് ഫയലിൽ ഉള്ളത്. പ്രോജക്ട് തയ്യാറാക്കിയതിലും 5 ലാപ്ടോപ്പുകൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സപ്ലൈ ഓർഡർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് വിവരങ്ങൾ സ്റ്റോക്കിലും ചേർത്തിട്ടില്ല.

2)വിതരണ രേഖകൾ പരിശോധിച്ചതിൽ ലാപ്ടോപ്പ് കൈപ്പറ്റിയ മീനാക്ഷി രജിമോൻ എന്ന ഗുണഭോക്താവ് Lakshya എന്ന സ്ഥാപനത്തിൽ പഠിക്കുന്നതായി രേഖയുണ്ടെങ്കിലും കോഴ്സ് സംബന്ധിച്ച

വിവരങ്ങളോ സ്റ്റുഡന്റ് രജിസ്ട്രേഷൻ നമ്പറോ ലഭ്യമല്ല.

3)ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.16/18.8.2025) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ഒരു ലാപ്ടോപ്പ് വിതരണം ചെയ്യാതെ ശേഷിക്കുന്നതായി കണ്ടെത്തി. ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തുകയും സ്റ്റോക്കിൽ ചേർക്കാതിരിക്കുകയും പഴയ ഇലക്ട്രോണിക് സാധനങ്ങളുടെ ഇടയിൽ നിന്നും അശ്രദ്ധമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുകയും ചെയ്ത പ്രസ്തുത ലാപ്ടോപ്പിനായി ചെലവഴിച്ച തുകയും മതിയായ രേഖകളില്ലാതെ ഒരു ഗുണഭോക്താവിന് നൽകിയ ലാപ്ടോപ്പിന്റെ വിലയും ഉൾപ്പെടെ ₹68852/- (34426x2) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തിയതുമൂലം ഒരു ലാപ്ടോപ്പ് ഇപ്പോഴും വിതരണം നടത്താതിരിക്കുകയും ഇതു സംബന്ധിച്ച് സ്റ്റോക്കിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-23 ബയോബിൻ വാങ്ങലും വിതരണവും-അപാകങ്ങൾ

എ)ഒരേ കാലയളവിൽ രണ്ട് നിരക്കിൽ ബയോബിന്നുകൾ പർച്ചേസ് ചെയ്തു.

ഗ്രാമപഞ്ചായത്തിലെ പട്ടണക്കാട്, വെട്ടയ്ക്കൽ സർക്കിളുകളിലെ വി.ഇ.ഒ.മാർ 2024-25 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതി പ്രകാരം ബയോബിൻ വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ, ഒരേ സ്പെസിഫിക്കേഷനുകളിലുള്ള ബയോബിന്നുകൾ ഒരേ കാലയളവിൽ രണ്ട് വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ഒരേ സ്പെസിഫിക്കേഷനിലുള്ള ബയോബിന്നുകൾക്കായി രണ്ട് പേരും ഒരേ കാലയളവിൽ വെവ്വേറെ ഇ –

ടെണ്ടർ ക്ഷണിക്കുകയും വ്യത്യസ്ത നിരക്കിൽ രണ്ട് സ്ഥാപനങ്ങളിൽ നിന്നായി വാങ്ങൽ നടത്തുകയുമാണ് ചെയ്തിരിക്കുന്നത്.

- പട്ടണക്കാട് സർക്കിൾ: 2023 ഡിസംബറിൽ ആലപ്പി ബയോടെക് എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ബിന്നിന് ₹1137/- നിരക്കിൽ 800 എണ്ണം വാങ്ങി.
- വെട്ടയ്ക്കൽ സർക്കിൾ: 2024 ഫെബ്രുവരിയിൽ റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ബിന്നിന് ₹1415/- നിരക്കിൽ 531 എണ്ണം വാങ്ങി.

ഈ രണ്ട് വാങ്ങലുകളും ഒരേ സമയത്താണ് നടന്നതെങ്കിലും ഒരു ബയോബിന്നിന് ₹278/- ന്റെ വില വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ലഭ്യമായിരുന്നിട്ടും ഉയർന്ന വിലയ്ക്ക് മറ്റൊരു സ്ഥാപനത്തിൽ നിന്ന് ബയോബിന്നുകൾ വാങ്ങിയ ഈ നടപടി സർക്കാർ ഫണ്ടിന് ₹1,47,618/- രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാക്കി. പൊതുഫണ്ട് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെ ലംഘനമാണിത്. ഈ വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/20.8.2025) ലഭ്യമാക്കിയ മറുപടിയിൽ, പട്ടണക്കാട് സർക്കിളിൽ 50 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ചിരുന്നെങ്കിലും കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ ഭരണസമിതി അതേ വർഷം തന്നെ ബയോബിൻ പദ്ധതി ഉൾപ്പെടുത്തി വെട്ടയ്ക്കൽ സർക്കിൾ വി.ഇ.ഒ യെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഇ ടെണ്ടർ ക്ഷണിച്ചതിൽ, പട്ടണക്കാട് സർക്കിളിന് 1137/-രൂപ ഒരു യൂണിറ്റിന് ക്വാട്ട് ചെയ്ത ആലപ്പി ബയോടെക്ക് എന്ന സ്ഥാപനം കൂടിയ നിരക്ക് ക്വാട്ട് ചെയ്തതിനാലാണ് ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റാംബയോളജിക്കൽ എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതെന്ന് അറിയിച്ചു.

ഒരേ ഇനം ഉൽപ്പന്നങ്ങൾ വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതിലൂടെ പൊതുഫണ്ടിന് ₹1,47,618/- രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക അധിക നിരക്കിൽ വാങ്ങൽ നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) ബയോബിൻ വിതരണം-സ്റ്റോക്ക് വിതരണ രേഖകൾ അപൂർണ്ണം

നിർവ്വഹണം-വി.ഇ.ഒ പട്ടണക്കാട് സർക്കിൾ

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
ബയോബിൻ Spili Over പ്രോജക്ട് നം- S0163/25	₹10,22,040/-(₹385134/- വികസന ഫണ്ട്, 565000/- സി.എഫ്.സി, 482/- തനത് ഫണ്ട്, 71424/- ഗുണഭോക്തൃവിഹിതം)	₹8,75,400/-(₹385134/-വികസന ഫണ്ട്, ₹433266/-സി.എഫ്.സി, 57000/- ഗുണഭോക്തൃവിഹിതം) TRN240605000000003506/27.5.24, 306900/- TRN240605000000020155/31.1.25, 78234/- XVFC/2024-25/P/53/7.2.25, 433266/- ചെക്ക് നം.041488/1.1.25, 57000/-

ടി പ്രോജക്ടിൽ Alleppy Biotech എന്ന സ്ഥാപനത്തിൽ നിന്നും 1137/- രൂപ നിരക്കിൽ 800 ബയോബിന്നുകൾ വാങ്ങിയതായ ഇൻവോയ്സ് ഫയലിൽ ഉണ്ട്. എന്നാൽ ഇവ സ്റ്റോക്കിൽ എടുത്തതായ രേഖകൾ ലഭ്യമല്ലാത്തതിനാൽ തന്നെ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ ബിന്നുകളും ലഭിച്ചിരുന്നോ എന്നതിൽ വ്യക്തതയില്ല. വിതരണ രേഖകൾ പരിശോധിച്ചതിൽ 714 ബിന്നുകൾ വിതരണം നടത്തിയതായാണ് കാണുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/18.8.2025) നൽകിയ മറുപടിയിൽ ബയോബിൻ വിതരണം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകി.

സി) അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ ബയോബിൻ വിതരണം നടത്തി

നിർവ്വഹണം-വി.ഇ.ഒ വെട്ടയ്ക്കൽ സർക്കിൾ

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്

ബയോബിൻ Spill Over പ്രോജക്ട് നം. S0188/25	₹27,79,920/-(₹1501928/-തനത് ഫണ്ട്,₹10 ലക്ഷം ജില്ലാ പഞ്ചായത്ത് വിഹിതം,₹277992/- ഗുണഭോക്തൃവിഹിതം)	₹7,51,365/-(₹676228/-തനത് ഫണ്ട്,₹75137/-ഗു.വിഹിതം) ചെക്ക് നം. 000019/15.3.25, 662810/-(HDFC) ചെക്ക് നം.046909/15.3.25, ₹13418/-(SBI) ചെക്ക് നം. 000014/13.3.25, ₹75137/-(HDFC)

ടി പ്രോജക്ടിൽ റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 1415/- രൂപ നിരക്കിൽ 531 ബയോബിന്നുകൾ വാങ്ങിയതായ ഇൻവോയ്സ് ഫയലിൽ ഉണ്ട്(ഇൻവോയ്സ് നം. E/19/2024-25,26.2.25,₹7,51,365/-). ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോക്കിൽ എടുത്തിട്ടില്ല. വിതരണ രജിസ്റ്ററും സൂക്ഷിക്കുന്നില്ല.
2) അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയില്ല.
3)ബെനഫിഷ്യറി ലിസ്റ്റ് എന്ന പേരിൽ ഒരു ലിസ്റ്റ് തയ്യാറാക്കി അതിൽ 376 പേരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ബയോബിൻ കൈപ്പറ്റിയതായി ലിസ്റ്റിൽ ഒരു ഭാഗത്തും രേഖപ്പെടുത്തിയിട്ടില്ല. ശേഷിക്കുന്ന ബിന്നുകൾ വിതരണം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/20.8.2025) ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും ആയതിന് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ ഇൻവോയ്സ് പ്രകാരമുള്ള 531 ബിന്നുകളും വിതരണം നടത്തിയെന്നും പഞ്ചായത്തിൽ മെയിന്റനൻസ് വർക്കുകൾ നടക്കുന്നതിനാൽ ഫയൽ ഷിഫ്റ്റ് ചെയ്തപ്പോൾ 376 പേരുടെ ഒഴികെ ബാക്കി ലിസ്റ്റ് നഷ്ടപ്പെട്ടുവെന്നും മറുപടി നൽകി. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായ രേഖകൾ ലഭ്യമാക്കിയില്ല.

ഗ്രാമസഭയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെയോ അംഗീകാരം ഇല്ലാത്ത ഗുണഭോക്തൃ ലിസ്റ്റിനെ അടിസ്ഥാനമാക്കി വിതരണം ചെയ്തത് ശരിയായ നടപടിയല്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പട്ടണക്കാട് സർക്കിളിൽ വിതരണം ചെയ്യാനവശേഷിക്കുന്ന 86 ബിന്നുകൾക്കായി ചെലവഴിച്ച 97782/- രൂപയും (86x1137) വെട്ടയ്ക്കൽ സർക്കിളിൽ വിതരണ വിവരങ്ങൾ ലഭ്യമല്ലാത്ത 155 ബിന്നുകൾക്കായി ചെലവഴിച്ച 219325/-രൂപയും (155x1415) ഉൾപ്പെടെ 317107/- രൂപയുടെ (97782+219325) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 പ്രീമൺസൂൺ ചെലവ് - ഒരേ തോടുകൾ ക്ലീൻ ചെയ്തതിനായി രണ്ട് പ്രാവശ്യം തുക അനുവദിച്ചിരിക്കുന്നു

വിവിധ വാർഡുകളിലെ ഒരേ തോടുകൾ ക്ലീൻ ചെയ്തതിനായി തനത് ഫണ്ടിൽ നിന്നും മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഒരു വാർഡിന് 20000/- രൂപ വീതം ആകെ 380000/- രൂപ (വൌച്ചർ നം.22400110- ചെക്ക് നം. 005869/13.5.24) അനുവദിച്ചിരുന്നു. ഈ തുക ചെലവഴിച്ചത് സംബന്ധിച്ച് വാർഡ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ അതത് വാർഡ് ചുമതലയുള്ള JPHN മാർ ഓഡിറ്റിൽ ഹാജരാക്കിയിരുന്നു. വാർഡ് ചുമതലയുള്ള JPHN മാരുടെ നേതൃത്വത്തിൽ ക്ലീൻ ചെയ്തതായി കാണിച്ചിട്ടുള്ള തോടുകൾ തന്നെ വീണ്ടും ക്ലീൻ ചെയ്തതായും ആയതിനുള്ള കൂലി ലഭിക്കുന്നതിനുള്ള വ്യക്തികൾ നല്കിയിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും തുക വ്യക്തികൾക്ക് നേരിട്ട് അനുവദിച്ചിട്ടുള്ളതായി കാണുന്നു. JPHN മാർ ക്ലീൻ ചെയ്ത അതേ തോടുകൾ വീണ്ടും ക്ലീൻ ചെയ്യുന്നതിന് തുക നല്കിയതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ക്ലീൻ ചെയ്ത സ്ഥലം	വൌച്ചർ നം.	തുക/ചെക്ക് നം.
1	മേനാശ്ശേരി -കോതകുളങ്ങര തോട് ക്ലീനിംഗ് (വാർഡ്-4)	22400165	20000/- ചെക്ക്നം.000300/30.5.24

2	- ടി - (വാർഡ്-9)	22400204	8500/- ചെക്ക് നം.000317/7.6.24
3	വാത്യാട്ട് - ഉഴുവച്ചാൽ - (വാർഡ്-9)	22400197	6500/- ചെക്ക് നം.000314/6.6.24

ഇപ്രകാരം ചെയ്യുന്നതിന് അധികൃതർ ആരും നിർദ്ദേശിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം വിവിധ വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണത്തിനായി നല്കിയ തുക ഉപയോഗിച്ച് വാർഡ് JPHN മാർ മുഖേന ക്ലീൻ ചെയ്തിരിക്കുന്ന തോടുകൾതന്നെ വീണ്ടും ക്ലീൻ ചെയ്തതായി കാണിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും നേരിട്ട് തുക ചെലവഴിച്ചിരിക്കുന്നതിന് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (42/21.8.25) മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രകാരമുള്ള അധികച്ചെലവിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-25 തുണി സഞ്ചി വാങ്ങി നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണം-വി.ഇ.ഒ പട്ടണക്കാട് സർക്കിൾ

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നം./തീയതി
തുണി സഞ്ചി വാങ്ങി നൽകൽ പ്രോജക്ട് നം. S0045/25	₹4,00,000 (വികസന ഫണ്ട്)	₹4,00,000 (വികസന ഫണ്ട്)	TRN.240605000000025481/25.3.2025, 4 ലക്ഷം,

ടി പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലേയ്ക്കും തുണിസഞ്ചി വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി, പഞ്ചായത്ത് കമ്മിറ്റിയുടെ 15.3.2025 ലെ തീരുമാനപ്രകാരം (തീരുമാനം നമ്പർ 1(18)) 42x38CM വലിപ്പത്തിലുള്ള തുണിസഞ്ചി നിർമ്മിച്ച് എല്ലാ വീടുകളിലും വിതരണം

നടത്തുന്നതിന് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ കീഴിലുള്ള നന്മ കൺസോർഷ്യത്തിന് ഓർഡർ നൽകുകയാണ് ചെയ്തിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ, തുണി വാങ്ങുന്നതിന് ₹3,75,000/- രൂപയും തയ്യൽ കൂലിയായി ₹50,000/- രൂപയും ഉൾപ്പെടെ ₹4,25,000/- ചെലവുണ്ടെന്നും ആയത് അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് 21.3.25 ൽ നന്മ കൺസോർഷ്യം റിക്വസ്റ്റ് നൽകുകയും 24.3.2025 ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ 4 ലക്ഷം രൂപ കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തു. പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ടി പ്രോജക്ട് നടപ്പാക്കുന്നതിന്, നൂതന പ്രോജക്ട് എന്ന നിലയിൽ ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതായോ അല്ലെങ്കിൽ പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ലഭിച്ചതായോ ഉള്ള രേഖകൾ ഇല്ല.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ വാങ്ങൽ മാർഗ്ഗരേഖപ്രകാരം 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളിൽ ഓപ്പൺ ടെണ്ടർ ക്ഷണിക്കണമെന്നിരിക്കെ അപ്രകാരം ടെണ്ടർ ക്ഷണിക്കാതെ നിശ്ചിത വലിപ്പത്തിലുള്ള സഞ്ചി നിർമ്മിച്ച് നൽകുന്നതിന് കൺസോർഷ്യത്തെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. തുണിയുടെ തരം, ഗുണനിലവാരം എന്നിവ സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ഇല്ല. ഒരു സഞ്ചിക്ക് 40/- രൂപ നിരക്കിലാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

3) 10,000 തുണിസഞ്ചികൾ നിർമ്മിച്ചു എന്നത് സംബന്ധിച്ച തെളിവോ ആയതിന്റെ ഗുണനിലവാരം സംബന്ധിച്ചോ ഫയലിൽ രേഖപ്പെടുത്തലുകൾ ഇല്ല.

4) ഇത്രയധികം സഞ്ചികൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം കൺസോർഷ്യത്തിന് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഇല്ല. കൺസോർഷ്യം അംഗങ്ങളുടെ വീടുകളിലുള്ള തയ്യൽ മെഷീനുകൾ ഉപയോഗിച്ചാണ് സഞ്ചികൾ നിർമ്മിച്ചിട്ടുള്ളതെന്നാണ് നന്മ കൺസോർഷ്യം സെക്രട്ടറി അറിയിച്ചത്.

5) 19 വാർഡുകളിൽ നിന്നും ലഭ്യമാക്കിയ വിതരണ രേഖകൾ പരിശോധിച്ചതിൽ, ആകെ 6973 തുണി സഞ്ചികൾ വിതരണം നടത്തിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പല വാർഡുകളിലെയും വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6) വിതരണം ചെയ്യാനവശേഷിക്കുന്ന സഞ്ചികൾ എവിടെ സൂക്ഷിച്ചിരിക്കുന്നുവെന്നതിൽ വ്യക്തതയില്ല.

മേൽ പരാമർശങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം.19/18.8.2025) ലഭ്യമാക്കിയ മറുപടിയിൽ, മാലിന്യ സംസ്കരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയതിനാലാണ് ഈ പ്രോജക്ട് നടപ്പാക്കിയതെന്നും വിതരണ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. വിതരണം ചെയ്യാനവശേഷിക്കുന്ന 3027 തുണിസഞ്ചികൾക്കായി ചെലവഴിച്ച ₹1,21,080/-രൂപയുടെ(3027x40) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 മാലിന്യമുക്ത നവകേരളം-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നം./ തീയതി
മാലിന്യമുക്ത നവകേരളം, പ്രോജക്ട് നം-S0290/25	₹2,80,746 (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)	₹1,85,544/- (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)	TRN.240605000000013510/23.10.24,₹4,300/- TRN.240605000000015418/18.11.24,₹38,934/- TRN.240605000000015419/16.11.24,₹23,650/- TRN.240605000000017728/23.12.24,₹6,560/- TRN.240605000000017730/23.12.24,₹4,500/- TRN.240605000000021031/6.2.25,₹95,000/- TRN.240605000000024821/30.3.25,₹12,600/-

മാലിന്യ മുക്ത നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അന്ധകാരനഴി ബീച്ച് ക്ലീൻ ചെയ്യുകയും സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ബീച്ചിലേയ്ക്ക് റാലി നടത്തിയതിനായി മൈക്ക് സെറ്റ്, വാഹനം എന്നിവയ്ക്കായി 5000/- രൂപ, പ്രഭാതഭക്ഷണം നൽകിയ വകയിൽ 16250/-, എല്ലാ വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾക്ക് 95000/- എന്നിങ്ങനെയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുമായി ബന്ധപ്പെട്ട് 28.9.24, 29.9.24, 30.9.24, 01.10.24 തീയതികളിൽ അന്ധകാരനഴി ബീച്ചിൽ JCB ഉപയോഗിച്ച് ബീച്ച് ക്ലീനിംഗ് നടത്തുന്നതിനായി കാടാമ്പുഴ എർത്ത് മൂവേഴ്സ് & ഏജൻസീസ് എന്ന സ്ഥാപനത്തിന് ₹38,934/-നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കൽ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള മത്സരാധിഷ്ഠിത ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് പ്രസ്തുത തുക ചെലവഴിച്ചത്.

2) കൂടാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 19 വാർഡുകളിലേയും മെമ്പർമാരുടെ അക്കൗണ്ടിലേയ്ക്ക് 5000/- വീതം ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. വാർഡ് 1 മുതൽ 15 വരെയുള്ള വാർഡുകളിലെ ചെലവ് രേഖകളാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. 4 വാർഡുകളിലെ രേഖകൾ ഹാജരാക്കിയില്ല. ഇപ്രകാരം തുക കൈമാറുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർക്കാർ നിർദ്ദേശങ്ങളോ ഉത്തരവുകളോ ഉണ്ടോയെന്ന് വ്യക്തമല്ല.
മേൽ പരാമർശങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/18.8.2025) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 4 വാർഡുകളിലേയ്ക്ക് അനുവദിച്ച 20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 അന്ധകാരനഴി ബീച്ച് ഫെസ്റ്റ് -പേർജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം.S0303/25

അടങ്കൽ : 200000 (തനതുഫണ്ട്)

ചെലവ് : 197541

നിർവ്വഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ചെലവ് വിവരം:

ചെക്ക് നം/തീയതി	തുക
000355/01.01.2025	12900/-
000356/04.01.2025	70000/-
000357/06.01.2025	17000/-
01048099/17.03.2025	66500/-
000466/29.03.2025	31141/-

ഗ്രാമ പഞ്ചായത്തിൽ ജനുവരി 4, 5, 6 തീയതികളിലായി അന്ധകാരനഴി ബീച്ച് ഫെസ്റ്റ് നടത്തിയതിനായി 197541/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം. 84/2022/ത സ്വ ഭ വ തീയതി. 19.04.2022 പ്രകാരമുള്ള വാർഷിക പദ്ധതി മാർഗ്ഗരേഖ, ഉത്തരവ് (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായ പ്രോജക്ടുകളാണ് ഏറ്റെടുക്കാവുന്നത്. ഇവയിൽ പരാമർശിക്കാത്ത ഇനം പ്രോജക്ടുകൾ (നൂതന പ്രോജക്ടുകൾ) ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേണ്ടിയുള്ള വിദഗ്ധസമിതിയുടെ അംഗീകാരം ആവശ്യമാണ്.

2) ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പ്രോജക്ടുകളിലെല്ലാം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./8.11.2010 ബാധകമാണ്. ഇത് പ്രകാരം ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടിവരുന്ന ആകെ സാധനങ്ങളുടേയും സേവനങ്ങളുടേയും കണക്കെടുപ്പ് നടത്തുകയും ബാധകമായ സമാഹരണരീതി പ്രകാരം വാങ്ങുന്നതിനും ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങാനും നിർദ്ദേശിച്ചിട്ടുണ്ട്. 5,000 രൂപ മുതൽ 25,000 രൂപ വരെ ക്വട്ടേഷനിലൂടെയും 25,000 രൂപക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. എന്നാൽ ഇപ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.

ക്രമ നം.	ചെലവിന്റെ വിവരം	തുക കൈപ്പറ്റിയത്	തുക	ചെക്ക് നം. തീയതി
1	പന്തൽ, കസേര, മേശ, ടേബിൾ മുതലായവ	ദേവി ടാക്സി ഹൗസ്, അന്ധകാരനഴി	39500	01048099/17.03.2025

2	ഫോട്ടോ, ബാനർ, പോസ്റ്റർ, ബാഡ്ജ്	അരുൺ ഷാജി റ്റി	9500	01048099/17.03.2025
3	പോസ്റ്റർ	സൂര്യ ഓഫ് സെറ്റ് പ്രിന്റേഴ്സ്	9500	000355/01.01.2025
4	ചായ, ലഘുഭക്ഷണം	മോനിഷ കെ എം കുഞ്ഞാറ്റ ബജിക്കട	15500	01048099/17.03.2025

3) ബീച്ച് ഫെസ്റ്റിന്റെ നടത്തിപ്പിനായി ശ്രീ.സേവ്യർ പി എ ക്ലർക്കിന് 87000 രൂപ മുൻകൂറായി പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ചെക്ക് നം. 000356/04.01.2025/ 70000/-

ചെക്ക് നം. 000357/06.01.2025/ 17000/-

ഈ തുകയിൽ നിന്നും 60000 രൂപ ഗാനമേള നടത്തിയതിന്റെ പ്രതിഫലമായി കൊച്ചിൻ സിംഫണിക്കും 25000 രൂപ ബീച്ച് ഫെസ്റ്റിന് മുഖ്യാതിഥിയായി പങ്കെടുത്തതിനുള്ള ടി എ, ഡി എ ആയി ശ്രീ. അരുൺ ആർ എന്ന വ്യക്തിക്കും ക്യാഷായി നൽകിയതായി കാണുന്നു. എന്നാൽ ട്രൂപ്പിന് പ്രതിഫലം നിശ്ചയിച്ചത് സംബന്ധിച്ച രേഖകളൊന്നും ഫയലിലില്ല. ട്രൂപ്പിന്റെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുപോലെ 31141 രൂപ (ചെക്ക് നം. 000466/29.03.2025) പിൻവലിച്ച് വിവിധ ചെലവുകൾക്കായി പണമായി നൽകിയിരിക്കുന്നു. തുക വ്യക്തിഗത ബാങ്ക് അക്കൌണ്ടുകളിലേക്ക് നൽകാതെ പണമായി കൈമാറുന്നത് സർക്കാർ ഉത്തരവുകൾക്കും [കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്)ചട്ടം 2011, ചട്ടം 34 (4), (5) & ജി.ഒ(പി)177/2006/Fin Dtd 12.04.2006, 8.1, 8.2, 8.3] റിസർവ്വ് ബാങ്ക് നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്.

4) ഗ്രാമപഞ്ചായത്തിൽ പുതിയ കാലത്തെ കാഴ്ചകളിലൂടെ- വയോജന വനിതകളുടെ കലാമേള എന്ന പ്രോജക്ടിന്റെ ഭാഗമായി 2025 ജനുവരി മാസം, 5-ാം തീയതി അന്ധകാരനഴി ബീച്ചിൽ 24 വയോജന വനിതകളെ പങ്കെടുപ്പിച്ച് കലാമേളയും ഗാനമേളയും (മ്യൂസിക്കൽ ഫ്യൂഷൻ) ഭക്ഷണ വിതരണവും ഉൾപ്പെടെ

നടത്തിയതിന് വികസന ഫണ്ടിൽ നിന്നും 136900 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ സ്ഥലത്ത് തന്നെയാണ് കലാമേളയും നടന്നത്. രണ്ട് പരിപാടികളുടേയും സ്റ്റേജ്, പന്തൽ, കസേര, ലൈറ്റ്&സൗണ്ട് എന്നിവയുടെ തുക ഒരേ വ്യക്തിക്ക് തന്നെയാണ് നൽകിയിട്ടുള്ളത്. സ്റ്റേജ്, പന്തൽ, കസേര, ലൈറ്റ്&സൗണ്ട് എന്നിവയുടെ തുക ഒരേ വ്യക്തിക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ഐ.സി.ഡി.എസ് സൂപ്പർവൈസറും നൽകിയിട്ടുണ്ട്. (ഇത് സംബന്ധിച്ച് പ്രത്യേകം ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്.)
അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/16.08.2025) പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടേയും വെറ്റിംഗ് ഓഫീസറുടേയും അംഗീകാരം ലഭിച്ചതിനാൽ സർക്കാരിന്റെ പ്രത്യേക അനുമതിക്ക് സമർപ്പിച്ചിട്ടില്ലെന്നും ഫെസ്റ്റിന്റെ അടിയന്തരചെലവുകൾ നിർവ്വഹിക്കുന്നതിനായി രണ്ട് തവണയായി 87000/- രൂപ മുൻകൂറായി പിൻവലിച്ചിട്ടുണ്ടെന്നും പദ്ധതി മാർഗ്ഗരേഖയിൽ പുരോഗമന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുള്ളതെന്നും സെക്രട്ടറി മറുപടി നൽകി. സർക്കാർ പ്രത്യേകാനുമതി, നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരം എന്നിവയില്ലാതെ പ്രോജക്ട് നടപ്പാക്കിയതിനാലും പ്രോജക്ടിലെ അപാകങ്ങളുടെ അടിസ്ഥാനത്തിലും പ്രോജക്ടിനായി ചെലവഴിച്ച 197541 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭാവിയിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ കൃത്യമായ അനുമതി രേഖകൾ ഉറപ്പാക്കുന്നതിനും മുകളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകൾ ഉണ്ടാകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1-28 സൗര ഗാർഹിക വിളക്ക്- അധിക തുക സബ്സിഡി നൽകി

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നം./തീയതി
സൗര ഗാർഹിക	₹17,000	₹16,720/-	TRN 240605000000024821/20.3.25,

വിളക്ക് എസ്.റ്റി പ്രോജക്ട് നം.S0058/25	(₹12600/-,എസ്.സി.പി, ₹4400/-തനത് ഫണ്ട്)	(₹12600/-,എസ്.സി.പി, ₹4120/-തനത് ഫണ്ട്)	₹12,600/-, ചെക്ക് നം.000446/20.3.25, 4120/-(K Bank)

ടി പ്രോജക്ട് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സൗരഗാർഹിക വിളക്കിനായി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു ഗുണഭോക്താവിന് പരമാവധി നൽകാവുന്ന സബ്സിഡി തുക 4000/- രൂപയാണ്. എന്നാൽ ഇവിടെ 4180/- രൂപ വീതം ആകെ 720/-(4x180) രൂപ അധികം നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.17/18.8.2025) നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ 720/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-29 ഹരിതകർമ്മ സേനയ്ക്ക് ഇ-കാർട്ട് വാങ്ങൽ- വാഹനം തിരികെ ലഭ്യമായിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയ്ക്ക് മാലിന്യനീക്കത്തിനായി 2023 മെയ് മാസത്തിൽ GeM വഴി കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ₹2,58,150/- ചെലവഴിച്ച് ഇലക്ട്രിക് ഓട്ടോ (ഇ-കാർട്ട്) വാങ്ങിയിരുന്നു. വാഹനം വാങ്ങി ഉപയോഗം തുടങ്ങിയപ്പോൾ തന്നെ വാഹനത്തിന് ബാറ്ററി ചാർജ്ജ് നിൽക്കുന്നില്ല, നിശ്ചിത ലോഡിംഗ് കപ്പാസിറ്റിയില്ല, സ്റ്റെബിലിറ്റി ലഭിക്കുന്നില്ല എന്നീ അപാകങ്ങൾ കണ്ടെത്തുകയും ആയതിനാൽ തന്നെ വാഹനം ഉപയോഗിക്കാതെ വരുകയും ചെയ്തിരുന്നു. വാഹനം വാങ്ങിയെങ്കിലും അത് ഉപയോഗിക്കാനാകാതെ നിലവിലും വാഹനം വാടകക്കെടുത്താണ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം വാഹനത്തിന് മൂന്ന് വർഷത്തെ ബാറ്ററി റീ-പ്ലേസ്മെന്റ് വാറന്റിയും 5 വർഷത്തെ ഫ്രീ സർവ്വീസ് വാറന്റിയുമുണ്ട്. ഭാരം കയറ്റി ഓടിക്കുന്ന സമയത്ത് മറിയുന്നതിനുള്ള സാധ്യത കൂടിയുള്ളതിനാൽ ഹരിതകർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപകരിക്കാത്ത പ്രസ്തുത വാഹനം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് തന്നെ തിരികെ നൽകുന്നതിനും

ആയതിന്റെ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നിയമ നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി (30/01/2024 ലെ 5(2) നം.തീരുമാനം) ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് വാഹനം തിരികെ ഏൽപ്പിക്കുകയും പകരം വാഹനം ലഭ്യമാക്കുന്നതിനായി കത്ത് നൽകുകയും ചെയ്തിരുന്നുവെങ്കിലും നാളിതുവരെയായി പകരം വാഹനമോ നിലവിലെ വാഹനം അപാകങ്ങൾ പരിഹരിച്ചോ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. 2023 മെയ് മാസത്തിൽ ₹2,58,150 രൂപ ചെലവഴിച്ച് വാങ്ങിയ ഇലക്ട്രിക് ഓട്ടോ (ഇ-കാർട്ട്) നാളിതുവരെ ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയിൽ തുക തിരികെ ലഭ്യമാക്കാനോ പുതിയ വാഹനം ലഭിക്കാനോ കമ്മിറ്റി തീരുമാന പ്രകാരം നിയമനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.32/20-08-2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ അപാകങ്ങൾ പരിഹരിച്ച് തിരികെ ലഭ്യമാക്കുകയോ ഉണ്ടായ നഷ്ടത്തിന് പരിഹാരം തേടി നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-30 പഠനമുറി നിർമ്മാണം -മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നം./തീയതി
പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി Spill Over പ്രോജക്ട് നം. S0187/25	₹3,00,000 (₹249084/-,എസ്.സി.പി, ₹50916/-തനത് ഫണ്ട്)	₹2,55,000/- (₹210000/-,എസ്.സി.പി, ₹45000/-തനത് ഫണ്ട്)	TRN 24060500000013695/ 21.10.24, ₹60,000/-, TRN 24060500000008415/

			9.8.24, ₹ 1,50,000/- ചെക്ക് നം. 041471/ 23.11.24, ₹45000/-

പഠനമുറി നിർമ്മിക്കുന്നതിന്, സർക്കാർ ഉത്തരവ് (സ.ഉ(സാധാ)നം.1877/2023/ത.സ്വ.ഭ.വ, തീയതി 21.9.23) പ്രകാരം എഗ്രിമെന്റ് വച്ച ശേഷം 30,000/- രൂപ മുൻകൂറായി നൽകാവുന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബേസ്മെന്റ് പൂർത്തിയാവുമ്പോൾ 60,000/- രൂപ നൽകാവുന്നതുമാണ്. പിന്നീട് മേൽക്കൂര ശരിയാവുമ്പോൾ 80,000/-രൂപയും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് (പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷ് എന്നിവ) ശേഷിക്കുന്ന 30000/- രൂപയും നൽകാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ശ്രീ.വിജീഷ് എം.വി എന്ന ഗുണഭോക്താവിന് രണ്ടു ഗഡുക്കളായി ₹1,35,000/- രൂപയും ശ്രീമതി ശശികല എന്ന ഗുണഭോക്താവിന് ₹1,20,000/-രൂപയുമാണ് നൽകിയിരിക്കുന്നത്. കൂടാതെ ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടുമില്ല.

1) ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) കരാർ ചമച്ചതായ രേഖകൾ ഇല്ല.

3) വിദ്യാർത്ഥികൾ ഏത് ക്ലാസ്സിൽ പഠിക്കുന്നുവെന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

4) തുക നൽകിയത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/18.8.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച ₹2,55,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 പഞ്ചായത്ത് ജനങ്ങളിലേക്ക് - സർക്കാർ അനുമതിയില്ലാതെ പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് നം. S0063/25

നിർവ്വഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ : 50000 (തനതുഫണ്ട്)

പഞ്ചായത്ത് അധികൃതർ ഓരോ വാർഡുകളിലും എത്തി ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പഞ്ചായത്ത് തലത്തിൽ പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിനും മറ്റുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി സായാഹ്ന അദാലത്ത് നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും പരിപാടിയിൽ പങ്കെടുക്കുന്നതിനായി കത്ത് നൽകുകയും സായാഹ്ന അദാലത്ത് നടത്തുകയും ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ചെലവ് വിവരം	തുക	ചെക്ക് നം./തീയതി	കൈപ്പറ്റിയത്
1	പോസ്റ്റർ, ഫ്ലക്സ് ബോർഡ്, പ്രിന്റിംഗ് ചാർജ്ജസ്	34075	07699216/25.03.2025	എസ്. ഹരികുമാർ മായ ഓഫ് സെറ്റ് പ്രിന്റിംഗ്സ്
2	പോസ്റ്റർ ഒട്ടിക്കുന്നതിന് വാർഡുകളിൽ പോയതിന്റെ ചെലവ് ശ്രീ. വിനോദ് എ.വിക്ക് നൽകിയ തുക	3800	07699216/25.03.2025	സ്നേഹ.എം.എസ് സീനിയർ ക്ലർക്ക്

എന്നാൽ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം. 84/2022/ത സ്വ ഭ വ തീയതി. 19.04.2022 പ്രകാരമുള്ള

വാർഷിക പദ്ധതി മാർഗ്ഗരേഖ, ഉത്തരവ് (കൈ) നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായ പ്രോജക്ടുകളാണ് ഏറ്റെടുക്കാവുന്നത്. ഇവയിൽ പരാമർശിക്കാത്ത ഇനം പ്രോജക്ടുകൾ (നൂതന പ്രോജക്ടുകൾ) ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേണ്ടിയുള്ള വിദഗ്ധസമിതിയുടെ അംഗീകാരം ആവശ്യമാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം.30/20.08.2025) പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിനാലാണ് മുൻകൂർ വാങ്ങാതിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടപ്പാക്കിയ ടി പദ്ധതിയ്ക്കായി വിനിയോഗിച്ച 37,875/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 പകൽവീട് -ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അംഗീകരിച്ച നിരക്കിലും അധികം നൽകി

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
പകൽവീട് പ്രോജക്ട് നം. S0052/25	₹10,04,000/- (₹6 ലക്ഷം-വികസന ഫണ്ട് ജനറൽ, ₹84,000/- സംസ്ഥാന ഫണ്ട്, ₹3,20,000/- തനത് ഫണ്ട്)	₹827555/- (₹584855/-വികസന ഫണ്ട് ജനറൽ,₹2,42,700/- തനത് ഫണ്ട്)

ടി പ്രോജക്ടിൽ, ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ പ്രവർത്തിക്കുന്ന പകൽ വീട്ടിലേയ്ക്ക് രാവിലെ ആളുകളെ എത്തിക്കുന്നതിനും വൈകുന്നേരം തിരികെ വീടുകളിലെത്തിക്കുന്നതിനുമായി കൃട്ടേഷൻ ക്ഷണിച്ച് ശ്രീ. ലൈജു കെ എം എന്നയാളുടെ വാഹനം 1200/- രൂപ പ്രതിദിന വാടകയിൽ എടുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി 12.3.24 ൽ തീരുമാനിച്ചിരുന്നു (തീരുമാനം നം.1). 2024 ഏപ്രിൽ മുതൽ ഈ

നിരക്കിലാണ് വാഹന വാടക നൽകിയിരുന്നത്. ഫയൽ പരിശോധിച്ചതിൽ, 2024 നവംബർ മാസം ടിയാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയ അപേക്ഷയിൽ, നവംബർ മാസം മുതൽ ദിവസേന പുതിയകാവ് ഭാഗത്തേയ്ക്ക് ഒരു ട്രിപ്പ് കൂടുതലായി ഓടേണ്ടി വരുന്നതിനാൽ പ്രതിദിനം 300/- രൂപ അധികം നൽകണമെന്ന് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2024 നവംബർ മാസം മുതൽ ടിയാന് അധിക തുക അനുവദിച്ച് നൽകുകയും ചെയ്തു. ടിയാന്റെ നിരക്ക് 1200/- രൂപയിൽ നിന്ന് 1500/- രൂപയാക്കി ഉയർത്തിക്കൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളത് 11.12.24 ൽ ആണ്. തീരുമാനത്തിൽ മുൻകാല പ്രാബല്യം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ നവംബർ മാസം മുതൽ തന്നെ ടിയാന് അധിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകി വരുന്നു. ആയതിനാൽ ഇക്കാലയളവിൽ അധിക നിരക്കിൽ നൽകിയ നവംബറിലെ പ്രവൃത്തി ദിനങ്ങളിൽ 7800/-രൂപയും (ചെക്ക് നം.04147/9.12.24, ₹39,000/-LGTSB) ഡിസംബർ 11 വരെയുള്ള 9 പ്രവൃത്തി ദിനങ്ങളിലെ 2700/-രൂപയും (ചെക്ക് നം.07699215/20.3.25,₹22,800/-LGTSB) ഉൾപ്പെടെ ആകെ 10500/- രൂപയുടെ അധികചെലവ് ഉണ്ടാകാനിടയായി. ടി ചെലവിന് പഞ്ചായത്ത് കമ്മിറ്റി സാധൂകരണം നൽകിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/20.8.2025) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് കമ്മിറ്റി സാധൂകരണം ഇല്ലാതെ അധികം നൽകിയ 10500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവിന് സാധൂകരണം ലഭ്യമാകാത്ത പക്ഷം ടി തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-33 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 2024-25 സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ, തെരുവുവിളക്ക് മെയിന്റനൻസ് കരാർ തുക നൽകൽ എന്നിവക്കാണ് പ്രോജക്ടിൽ തുക ചെലവഴിച്ചിട്ടുള്ളത്.വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം. പേര്	അടങ്കൽ	ചെലവ്	തുക കൈപ്പറ്റിയത്
1	S0311/25 തെരുവ് വിളക്ക് പരിപാലനം	400000 (തനതുഫണ്ട്)	55725	സുമേഷ് പി എം പൊക്കണ്ടേഴത്ത് നികർത്ത്, വയലാർ പി.ഒ
2	S0178/25 തെരുവ് വിളക്ക് പരിപാലനം (സ്പിൽ ഓവർ)	201810 (തനതുഫണ്ട്)	201810	അജിത് പ്രസാദ് കൊല്ലംപറമ്പിൽ മുഹമ്മ പി.ഒ
3	S0272/25 തെരുവ് വിളക്ക് പരിപാലനത്തിനുള്ള ലൈറ്റുകൾ വാങ്ങൽ	150801/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 499199/- (തനതുഫണ്ട്) ആകെ 650000	650000	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)ഗ്രാമപഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടത്തേണ്ടിയിരുന്ന സംയുക്ത പരിശോധന ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല.

2)ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ പോസ്റ്റ് നമ്പർ സഹിതം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3)ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾ വഴി നേരിട്ട് വാങ്ങി നൽകിയതും സ്ഥാപനങ്ങൾ വഴി സ്ഥാപിച്ചതുമായ തെരുവുവിളക്കുകൾ സംബന്ധിച്ച കണക്കുകളോ രജിസ്റ്ററോ ലഭ്യമാക്കിയിട്ടില്ല.

4)തെരുവുവിളക്കുകളുടെ ഇനം, എണ്ണം എന്നിവ സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കുള്ള അടങ്കൽ തുക നിശ്ചയിച്ചതും കരാറുകാരനെ നിശ്ചയിച്ചതും എങ്ങനെയെന്ന് വിശദമാക്കിയിട്ടില്ല.

5) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ സ്റ്റോക്ക് വരവ്, കരാറുകാരൻ ഓരോ തവണയും അറ്റകുറ്റപ്പണിക്കായി കൈപ്പറ്റിയ ശേഷമുള്ള ബാലൻസ് ഇവയൊന്നും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/20.08.2025) കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതാണെന്നും രജിസ്റ്ററുകളും രേഖകളും കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-34 അഗതി ആശ്രയ പദ്ധതി-ചെലവഴിക്കാത്ത തുക അക്കൗണ്ടിൽ നിലനിൽക്കുന്നു

പ്രോജക്ടിന്റെ പേര്, നമ്പർ	അഗതിരഹിത കേരളം ആശ്രയ പഞ്ചായത്ത് വിഹിതം നൽകൽ പ്രോജക്ട് നം- S0018/25
അടങ്കൽ	₹7,00,000/-(₹5 ലക്ഷം-വികസന ഫണ്ട്-ജനറൽ, ₹1 ലക്ഷം-ബ്ലോക്ക് പഞ്ചായത്ത്, ₹1 ലക്ഷം ജില്ലാ പഞ്ചായത്ത്)
ചെലവ്	₹6,00,000/-(₹5 ലക്ഷം- വികസന ഫണ്ട്-ജനറൽ, ₹1 ലക്ഷം-ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
നിർവ്വഹണ ഉദ്യോഗസ്ഥ	അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹5,00,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹1,00,000 രൂപയും ഉൾപ്പെടെ ₹6,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസിന്റെ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേക്കാണ് (A/CNo.127012301039478) പദ്ധതി തുക കൈമാറിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ, ഇതേയിനത്തിൽ 2023-24 സാമ്പത്തിക വർഷത്തെ തുക (6,50,000/-) നൽകിയിരിക്കുന്നത് 25.3.24 ൽ ആണ്. ആയതിനാൽ തന്നെ 2024-25 വർഷാരംഭത്തിൽ ₹7,29,849/- രൂപയാണ് മുന്നിരുപ്പ്. ഇതിൽ 2024-25 വർഷം ആകെ 5 തവണ മാത്രമാണ് ഭക്ഷണ വിതരണം നടത്തിയിരിക്കുന്നത്. അക്കൗണ്ടിൽ ₹3,06,721/- രൂപ നിലനിൽക്കേയാണ് 2024-25 വർഷത്തെ 6 ലക്ഷം രൂപ 6.2.25 ൽ സിഡിഎസിന് നൽകിയിരിക്കുന്നത്. ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നടപ്പാക്കുന്നതിനായി വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇത് യഥാസമയം ചെലവഴിക്കാത്തതിനും തിരികെ ഒടുക്കാത്തതിനും വിശദീകരണം ലഭ്യമായിട്ടില്ല.

2) അഗതി ആശ്രയ പ്രോജക്ട് നടപ്പാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള അക്കൌണ്ടിൽ മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വിവിധ ഫണ്ടുകൾ പ്രകാരം അനുവദിച്ച തുകയുടെ നീക്കിയിരുപ്പും ഇതിന് ലഭിച്ച പലിശയും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ കൃത്യമായ വിശദാംശങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3) സി.ഡി.എസ് അക്കൌണ്ടിൽ ലഭിക്കുന്ന ഫണ്ടുകളിൽ നിന്ന് ഘട്ടം ഘട്ടമായി മാത്രമാണ് തുക ചെലവഴിക്കപ്പെടുന്നത്. ധന സഹായം അനുവദിച്ച് മാസങ്ങൾ കഴിഞ്ഞാണ് തുക ചെലവഴിക്കപ്പെടുന്നത്. സാമ്പത്തിക വർഷത്തെ പ്രോജക്ട് പ്രകാരം 6/02/2025 ലാണ് ട്രഷറിയിൽ നിന്നും 6 ലക്ഷം രൂപയുടെ ബിൽ പാസാക്കിയിട്ടുള്ളത്. എന്നാൽ ഇതിൽ നിന്നും ആ സാമ്പത്തിക വർഷത്തിൽ ചെലവ് ഉണ്ടായിട്ടില്ല. 31.3.25 ലെ നീക്കിയിരുപ്പ് 6,28,715/-രൂപയാണ്. ഈ കാലതാമസത്തിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4)ഭക്ഷ്യകിറ്റിന്റെ വിതരണ രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഇവയിൽ ചില ഗുണഭോക്താക്കൾക്ക് വിതരണം

നടത്താനായി വാർഡ് മെമ്പർമാർ കിറ്റ് കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചത് ഉറപ്പാക്കാനുള്ള രേഖകൾ ഇല്ല.

5) ചില ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റാതിരിക്കുന്നതായി കാണുന്നുണ്ടെങ്കിലും ആയത് അനുസരിച്ച് വാങ്ങൽ ക്രമപ്പെടുത്തുന്നതായി കാണുന്നില്ല.

ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 26/19.8.2025) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ വിതരണം മുടങ്ങാതെ നടക്കുന്നുണ്ടെന്നറിയിച്ചു. 2024-25 വർഷം അഗതി ആശ്രയ പദ്ധതിയ്ക്കായി നൽകിയ 6 ലക്ഷം രൂപയിൽ ഒരു രൂപ പോലും തൻ വർഷം ചെലവഴിച്ചിട്ടില്ല. വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സി.ഡി.എസ് അക്കൗണ്ടിൽ ദീർഘ കാലം ചെലവഴിയ്ക്കാതെ നിക്ഷേപമായി സൂക്ഷിച്ചിരിക്കുകയാണ്. ആവശ്യകത കണക്കാക്കി മാത്രം തുക സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-35 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം വാഹനം റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ KL32C 5555- മഹിന്ദ്ര സൈലോ 2WD എന്ന ഓഫീസ് വാഹനം 10 വർഷ കാലാവധിയും 3 ലക്ഷം കിലോമീറ്ററും കഴിഞ്ഞതിനാലും കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് 2,76,487/- രൂപ റിപ്പയറിംഗ് വർക്കുകൾക്കായി ചെലവഴിക്കേണ്ടിവന്നതിനാലും പഞ്ചായത്ത് കമ്മിറ്റി 04.04.25 ലെ അടിയന്തിര കമ്മിറ്റിയിലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം കണ്ടം ചെയ്യുന്നതിനായി അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരുന്നു.

ഈ ആവശ്യത്തിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 26.4.25-ൽ എസ്.സി.1.3780/24 കത്ത് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD മെക്കാനിക്കൽ ഉപവിഭാഗം, മാവേലിക്കരയ്ക്ക് കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് റിപ്പയറിംഗ് വർക്കുകൾക്കായി ചെലവഴിച്ച 276487/- രൂപയുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തി കത്ത് നല്കിയിരുന്നു.

15.05.2025 ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD മെക്കാനിക്കൽ ഉപവിഭാഗം, മാവേലിക്കരയുടെ DB3-43/Eccn/Alp/2025 കത്ത് പ്രകാരം കലവൂർ മോഡേൺ മോട്ടോഴ്സിൽ ഗാരേജ് ചെയ്തിട്ടുള്ള വാഹനം 01.03.25-ൽ പരിശോധിച്ചതായി അറിയിച്ചിട്ടുണ്ട്. M/S. Car Vally,Valavanad, Kalavoor എന്ന സ്ഥാപനത്തിൽ നടത്തിയ അറ്റകുറ്റപ്പണികൾക്കുള്ള പരാതി അന്വേഷിക്കുന്നതിനായി വാഹനം M/S. Car Vally എന്ന സ്ഥാപനത്തിൽ എത്തിക്കേണ്ടതാണെന്നും നടത്തിയ അറ്റകുറ്റപ്പണികളുടെ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ ലഭ്യമാക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്.
വാഹനത്തിന്റെ വിപണി വിലയുമായി ബന്ധപ്പെട്ട് പ്രസ്തുത വാഹനം കണ്ടം ചെയ്യുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാത്തതിനാൽ 07.08.24, 19.3.24 തീയതികളിലെ ആ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുള്ള 39130/- രൂപയുടെ അറ്റകുറ്റപ്പണികൾ ചെയ്ത് വാഹനം സഞ്ചാരയോഗ്യമാക്കി ഉപയോഗിക്കണമെന്നും 02.06.2025 ൽ നിർദ്ദേശിച്ചിട്ടുണ്ട്.
വാഹനം ഓടിക്കാൻ പറ്റാത്ത സാഹചര്യമായതിനാൽ മോഡേൺ വർക്ക്ഷോപ്പിൽ എത്തി പരിശോധിക്കണമെന്നറിയിച്ചുകൊണ്ട് സെക്രട്ടറി 02.06.25 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വീണ്ടും കത്ത് നല്കിയിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിലവിലും കലവൂർ മോഡേൺ മോട്ടോഴ്സിൽ വാഹനം ഗാരേജ് ചെയ്തിട്ടുള്ളതായി കാണുന്നു.

വാഹനം റിപ്പയർ ചെയ്ത് ഉപയോഗിക്കാത്തതിനും നിർദ്ദേശാനുസരണം വാഹനം പരിശോധനയ്ക്കായി ഹാജരാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (29/20.8.25) മറുപടി ലഭ്യമാക്കിയിരുന്നു. 02.06.25 ലെ സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ വാഹനം പരിശോധിക്കുന്നതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫോൺ മുഖേന പഞ്ചായത്തിനെ അറിയിച്ചിരുന്നതായും എന്നാൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്. വാഹനം അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കണമെന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശം 10.6.2025-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തിയിരുന്നെങ്കിലും പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ച് തീരുമാനിക്കുകയാണുണ്ടായത്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധനാവിവരം ലഭ്യമാക്കി ആയതിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-36 ഹരിതകർമ്മസേനയ്ക്കാവശ്യമായ പ്രിന്റിംഗ് ജോലികൾക്ക് തനത് ഫണ്ട് ഉപയോഗിച്ചു

പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ രസീതുകൾ, പാസ്ബുക്ക് എന്നിവ പ്രിന്റ് ചെയ്യുന്നതിനായി താഴെ പട്ടികയിൽ സൂചിപ്പിക്കുന്ന പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	വൌച്ചർ നം./ചെക്ക് നം./ തുക	ചെലവിനം
1	22400032/0005831/ 8.4.25- 52950/-	ഹരിതകർമ്മസേനയ്ക്ക് യൂസർഫീ കളക്ഷനായി 15 രൂപ നിരക്കിൽ 3530 പാസ്ബുക്കുകൾ പ്രിന്റ് ചെയ്തത്- (ടൈംസ് ഓഫ് സെറ്റ് പ്രസ്, ചേർത്തല – 284/3.1.24)
2	22400142/000282/ 20.5.25- 40000/-	ഹരിതകർമ്മസേനയ്ക്ക് യൂസർഫീ കളക്ഷനായി 200 രൂപ നിരക്കിൽ 200 രസീത് ബുക്കുകൾ പ്രിന്റ് ചെയ്തത്- (ടൈംസ് ഓഫ് സെറ്റ് പ്രസ്, ചേർത്തല – 411/29.4.24)

ടെണ്ടറോ, ക്വട്ടേഷനോ കൂടാതെ ഗ്രാമപഞ്ചായത്ത് പ്രിന്റിംഗ് ജോലികൾ ചെയ്തുവരുന്ന സ്ഥാപനമാണ് പ്രിന്റിംഗ് നടത്തിയിട്ടുള്ളത്. കൺസോർഷ്യം അക്കൌണ്ടിൽ നിന്നും ചെലവു ചെയ്യാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് സംബന്ധിച്ചും ചെലവഴിച്ച തുക ശുചിത്വമിഷൻ ഫണ്ടിൽ നിന്നും റീകൂപ്പ് ചെയ്ത് ലഭ്യമായോ എന്ന വിവരവും അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (28/20.8.25) 'പ്രോജക്ട് ഫണ്ടിൽ തുക അപര്യാപ്തമായതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 12.03.2024 ലെ 1(6)-ാം നമ്പർ തീരുമാനപ്രകാരമാണ് മേൽ ചെലവുകൾ ചെയ്തതെന്നും വരുംകാലങ്ങളിൽ കൺസോർഷ്യം ഫണ്ടിൽ നിന്നും

ചെലവ് ചെയ്യുന്നതാണെന്നുമാണ് മറുപടിയിൽ അറിയിച്ചത്. തുടർ വർഷങ്ങളിൽ ഹരിതകർമ്മസേനയുടെ കൺസോർഷ്യം ഫണ്ടിൽ നിന്നും ഇപ്രകാരമുള്ള ചെലവുകൾ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-37 പക്ഷികളെ കള്ളിംഗ് നടത്തുന്നതിനായുള്ള ചെലവ് - രസീതിന്റെ ആധികാരികത വ്യക്തമല്ല

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനാൽ അതിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പക്ഷികളെ കള്ളിംഗ് നടത്തുന്നതിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	വൌച്ചർ നം./ ചെക്ക് നം./തുക	ചെലവിനം	ചെലവ് തുക
1	224000300/ 001044001059/1.7.24 - 150000/-	പക്ഷിപ്പനി സ്ഥിരീകരിച്ചതിനാൽ അതിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പക്ഷികളെ കള്ളിംഗ് നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ക്ലർക്ക് ശ്രീ. സേവ്യറിന് 150000/- മുൻകൂർ അനുവദിച്ചതിൽ ചെലവ് തുക – 117920/- രൂപ.	കൂലി-29500/- വിറക്-31100/- ഭക്ഷണം-16755/- പെട്രോൾ-800/- ബ്ലോവർ-14000/- വാഹനവാടക-4170/- പന്തൽ-8840/- ലൈറ്റ് &കറണ്ട് ചാർജ്-7500/- കർപ്പൂരം-2705/- മറ്റ് ചെലവുകൾ-2550/- ആകെ- 117920/-

2	224000291/ 001060/6.7.24 - 119000/-	മേൽ പ്രകാരമുള്ള കള്ളിംഗിനുള്ള ചെലവ് - പി.ആർ.ഷൈൻശാന്തി, പടിഞ്ഞാറെമൂരിക്കൽ, പഴഞ്ഞി.പി.ഒ.,ചെറുതുരുത്ത്, തൃശ്ശൂർ എന്ന വ്യക്തിയുടെ ലെറ്റർ ഹെഡിലുള്ള രസീതിന്റെ (നമ്പരോ തീയതിയോ ഇല്ല) മൊബൈൽ ഫോണിലെടുത്ത ഫോട്ടോയുടെ പകർപ്പിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ ആലപ്പുഴ, കുത്തിയതോട് ധനലക്ഷ്മി ബാങ്ക് ബ്രാഞ്ച് അക്കൌണ്ടിലേക്ക് നല്കിയ തുക	വിറക്-45000/- ഗ്യാസ്-19000/- ചിരട്ട-7000/- പണിക്കൂലി-48000/- ആകെ – 119000/-
		ആകെ ചെലവ്	236920/-

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ്-2ൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനാൽ അതിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പക്ഷികളെ കള്ളിംഗ് നടത്തുന്നതിനായി ജില്ലാ കളക്ടർ ഉത്തരവായിരുന്നു. ജില്ലാ കോ-ഓർഡിനേറ്ററുടെ ADCP/ACP/61./24/27.6.24 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചേർത്തല തഹസീൽദാരുടെ TOCHR/3286/2024-C3/28.6.24 ഉത്തരവിൽ RRTകളെ സഹായിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ക്ലർക്ക് ശ്രീ. സേവ്യറിനെ ചുമതലപ്പെടുത്തിയിരുന്നു. ആയതിനായി സെക്രട്ടറിയുടെ JC3-3133/24/1.7.24 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലർക്ക് ശ്രീ. സേവ്യറിന് 150000/- മുൻകൂർ അനുവദിച്ചതിൽ ചെലവ് തുകയായ 117920/- രൂപയുടെ ബാക്കി 32080/-രൂപ ഗ്രാമപഞ്ചായത്തിൽ തിരികെ അടവാക്കിയിട്ടുണ്ട്. ജില്ലാ കോ-ഓർഡിനേറ്ററുടെ ഉത്തരവിൽ കള്ളിംഗ് ചെലവുകൾക്കായി 10 ടൺ വിറക്, 1 ടൺ തൊണ്ടും ചിരട്ടയും, 75 ലിറ്റർ ഡീസൽ, 75 കിലോ പഞ്ചസാര, 6 തൊഴിലാളികൾ (2

ദിവസം) എന്നിവ നല്കുന്നതിനും ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നു.
വിവിധ ചെലവുകൾക്കായി പല സ്ഥാപനങ്ങളും ബിൽ നല്കിയിട്ടുണ്ടെങ്കിലും തുക അക്കൌണ്ടിലേക്ക് നല്കാതെ മുഴുവനുംതന്നെ പണമായി നല്കിയിരിക്കുകയാണ്. വെറ്ററിനറി സർജ്ജൻ നല്കിയിട്ടുള്ള റിപ്പോർട്ടിൽ നിന്നും വിഭിന്നമായ ചെലവുകളുടെ വൌച്ചറുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനും ആദ്യ വൌച്ചറിൽ തന്നെ 29500/- രൂപ കൂലിയിനത്തിലും 31100 രൂപ വിറകിനായും ചെലവഴിച്ചിട്ടുണ്ടെങ്കിലും രണ്ടാമത്തെ വൌച്ചർ പ്രകാരമുള്ള ചെലവായ 119000/- രൂപയിൽ കൂലിയിനത്തിൽ 48000/- രൂപയും (6പേർക്ക്) വിറക്, ചിരട്ട എന്നിവയ്ക്കായി 52000/-രൂപയും വീണ്ടും ചെലവഴിച്ചിരിക്കുന്നു. ഒരേയിനത്തിൽ വീണ്ടു ചെലവു ചെയ്തതിനും വ്യക്തിയുടെ പേരിൽ പ്രിന്റ് ചെയ്തിട്ടുള്ള രസീതിന്റെ മൊബൈൽ ഫോട്ടോ പകർപ്പിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അക്കൌണ്ടിലേക്ക് 119000/- രൂപ നല്കിയതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (28/20.8.25) നല്കിയിരുന്നു.
ആയതിനുള്ള മറുപടിയിൽ അടിയന്തിരമായി ചെയ്യേണ്ട ജോലിയായതിനാലാണ് തുക മുൻകൂർ അനുവദിച്ച് പണമായി നല്കിയതെന്നും ശ്രീ.ഷൈൻ പി.ആർ എന്ന വ്യക്തി സ്ഥലത്തില്ലാതിരുന്നതിനാലും കൂലി അടിയന്തിരമായി നല്കേണ്ടതിനാലാണ് ടിയാൻ ബില്ലും പാസ് ബുക്കും അയച്ചുതന്നിരുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതെന്നുമാണ് അറിയിച്ചത്. ടിയാൾ ഒറിജിനൽ ബിൽ നാളിതുവരെ ഹാജരാക്കിയിട്ടില്ല എന്നും അറിയിച്ചു. ഈ മറുപടി പൂർണ്ണമായും തൃപ്തികരമല്ല. വെറ്ററിനറി സർജ്ജന്റെ 09.07.24 ലെ റിപ്പോർട്ട് പ്രകാരം വിറക്- 30 ടൺ, പഞ്ചസാര – 200 കി.ഗ്രാം., ഡീസൽ-250 ലിറ്റർ, തൊണ്ട്, ചിരട്ട – 5 ടൺ എന്നിവയാണ് കള്ളിംഗിനായി ഉപയോഗിച്ചത്. പഞ്ചസാര, ഡീസൽ എന്നിവ വാങ്ങിയതായുള്ള വൌച്ചറുകളൊന്നും തന്നെ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ചെലവുകളിൽ ഉൾപ്പെടുന്നില്ല.
അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതും രസീതിന്റെ ഒറിജിനൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-38 ഭവനപുനരുദ്ധാരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം-വി.ഇ.ഒ പട്ടണക്കാട് സർക്കിൾ

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
ഭവനപുനരുദ്ധാരണം Spill Over പ്രോജക്ട് നം. S0157/25	₹5,50,000/-(₹4ലക്ഷം എസ്.സി.പി, ₹1,50,000/-തനത് ഫണ്ട്)	₹4 ലക്ഷം (എസ്.സി.പി) TRN240605000000012118/30.12.24,25,000/- TRN240605000000022046/24.2.25,50,000/- TRN240605000000025368/24.3.25,25,000/- TRN240605000000025657/25.3.25,25,000/- TRN240605000000012992/5.10.24,1,00,000/- TRN240605000000012995/5.10.24, 25,000/- TRN 240605000000012117/26.9.24,50,000/- TRN240605000000002955/18.5.24,75,000/- TRN240605000000025367/24.3.24,25,000/-

ടി പ്രോജക്ടിൽ ഭവന പുനരുദ്ധാരണത്തിനായി 25000/- രൂപ മുൻകൂറായും പ്രവൃത്തി പൂർത്തീകരിച്ച ശേഷം വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 25,000/- രൂപ കൂടി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ആദ്യ ഗഡു കൈപ്പറ്റിയ ശ്രീമതി ഓമന അശോകൻ വാർഡ് 5, ശ്രീ. മണിലാൽ വാർഡ് 13 എന്നീ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/20.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ഗുണഭോക്താക്കൾക്ക് മുൻകൂറായി നൽകിയ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ച് ആവശ്യമായ രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-39 മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വില മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിലായി ഹോംകോയ്ക്ക് തുക കൈമാറിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.	പ്രോജക്ട് നം.	അടങ്കൽ	തുക നല്കിയതിന്റെ വിവരം
1	S0047/25 – കരുതലിന്റെ കാവൽസ്പർശം - ഹോമിയോ മരുന്നുകൾ വീട്ടുമുറ്റത്ത്	100000 (തനത് ഫണ്ട്)	100000/- (UTR No. RBI3572404824966/ 21.12.24)
2	S0054/25 – ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ	300000/- (മെയി.ഫണ്ട്- റോഡിതരം)	300000/- (UTR No.- RBI3542401777663/ 18.12.24)

നാളിതുവരെ മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (25/18.8.25) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-40 സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ - ആദായനികുതി ഈടാക്കിയില്ല

1961 ലെ ആദായ നികുതി നിയമം, സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/-രൂപയ്ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ന് മുകളിലോ പ്രതിഫലം നൽകുന്ന കരാർ

പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ട് നം. പേര്	അടങ്കൽ	ചെലവ്(GST ഒഴികെ)	തുക കൈപ്പറ്റിയത്	ഈടാക്കേണ്ട ആദായനികുതി
1	S0311/25 തെരുവ് വിളക്ക് പരിപാലനം	400000 (തനതുഫണ്ട്)	55725 ചെക്ക് നം. 07699214/19.03.2025	സുമേഷ് പി എം പൊക്കണ്ടേഴത്ത് നികർത്ത്, വയലാർ പി ഒ	557
2	S0022/25 ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് എ എം സി ഏർപ്പെടുത്തൽ	100000 (വികസനഫണ്ട്)	76275 TRN 240605000000019043/ 09.01.2025	കെൽട്രോൺ	1526
	ആകെ				**2083**

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 44/21.08.2025) ആദായനികുതി ഈടാക്കുന്നതിന് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായും അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-41 ഡയാലിസിസ് രോഗികൾക്ക് ധനസഹായം

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
ഡയാലിസിസ് യൂണിറ്റിന് തുക നൽകൽ പ്രോജക്ട് നം. S0041/25	₹40,000 (തനത് ഫണ്ട്)	₹40,000 (തനത് ഫണ്ട്) ചെക്ക് നം. 317609/31.12.24, (Fed Bank)

ടി പദ്ധതിയിൽ, സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.7 പ്രകാരം വരുമാനപരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനായി ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ എന്ന നിരക്കിൽ ബന്ധപ്പെട്ട ആശുപത്രിക്ക് തുക നൽകാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ 2 ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം 20000/-രൂപ വീതം 2 ഹോസ്പിറ്റലുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ രോഗികൾക്കുള്ള ചികിത്സാ സഹായമായി ഹോസ്പിറ്റലുകൾക്ക് നൽകിയിട്ടുള്ള തുക, ഹോസ്പിറ്റലുകൾ രോഗികൾക്ക് തിരികെ നൽകുന്നതായോ തൊട്ടടുത്ത ബില്ലുകളിൽ ക്രമീകരിക്കുന്നതായോ ഉള്ള രേഖകൾ ഫയലിൽ ഇല്ല. ഹോസ്പിറ്റലുകൾ തുക കൈപ്പറ്റിയതായ രേഖകളും ഫയലിൽ ഇല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/18.8.2025) മറുപടി ലഭ്യമാക്കിയില്ല. ഹോസ്പിറ്റലുകൾക്ക് നൽകിയ തുകയുടെ ആനുകൂല്യം രോഗികൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-42 ജി.എസ്.ടി-ഉറവിടത്തിൽ കുറവ് ചെയ്തില്ല

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
അടുക്കള ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നം. S0309/25	₹3,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)	₹3,00,000/- (കേന്ദ്രാവിഷ്കൃതഫണ്ട്)

		ചെക്ക് നം. 000461/28.3.25, ₹3,00,000/-(Kerala Bank)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ടി പ്രോജക്ട് പ്രകാരം അടുക്കള ഉപകരണങ്ങൾ വാങ്ങുന്നതിനായി സിത്താര ഷോപ്പിംഗ് സെന്റർ എന്ന സ്ഥാപനത്തിന് ₹3,00,000/- നൽകിയിട്ടുണ്ട്. 2017 ലെ CGST Act, സെക്ഷൻ 51 പ്രകാരം, സപ്ലൈ ഓർഡർ നൽകിയ ₹2,50,000/- മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST സ്രോതസ്സിൽ നിന്നും ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലയർക്ക് നൽകേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ ഉറവിടത്തിൽ നിന്നും ജി.എസ്.റ്റി കുറവ് ചെയ്തിട്ടില്ല. വിശദംശം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം	ആകെ നൽകിയ തുക	ജി എസ് റ്റി ഒഴികെയുള്ള ബിൽ തുക	ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്.റ്റി(2%)
B71/22.3.25, ₹2,14,500/- B78/25.3.25,₹2,850/- B65/21.3.25, ₹82,650/-	₹3,00,000/-	₹2,61,766/-	₹5235/-

GST ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/20.8.2025) മറുപടി ലഭ്യമാക്കിയില്ല. ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്.റ്റി ₹5235/- ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-43 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ചെലവഴിച്ച തുക	കൈപ്പറ്റിയത്	ബിൽ നം., ചെക്ക് നം./ തീയതി	റിമാർക്സ്
1	S0059/25 പ്രകൃതിക്ഷോഭം, കടൽകയറ്റം തുടങ്ങിയ ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിന് വരുന്ന ചെലവുകൾ	200000	എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചന വിഭാഗം, ആലപ്പുഴ	041490/08.01.2025 (തനതുഫണ്ട്)	പോളക്കൽ കടപ്പുറത്ത് ജിയോ ബാഗുകൾ സ്ഥാപിക്കുന്നതിന്.
2	S0310/25 കാളിവീട് ഹരിജൻ കോളനി സ്ട്രീറ്റ്ലൈൻ വലിക്കൽ അധികതുക അടവാക്കൽ	41107	അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പട്ടണക്കാട്	1107/- (തനതുഫണ്ട്)07699214/19.03.2025 40000/- വൗച്ചർ നം. XVFC/2024-25/P/147 തീയതി. 06.02.2025 (ജില്ലാ പഞ്ചായത്ത് വിഹിതം)	എസ്റ്റിമേറ്റ്, കരാർ മുതലായവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3	S0029/25 ഐ കെ എം വിഹിതം	141598	ഡയറക്ടർ, ഐ കെ എം	24060500000017175/26.11.2024	ഇൻഫർമേഷൻ കേരള മിഷന് 2015-16 മുതൽ

					2024-25 വരെ നൽകുവാനുള്ള തുക
	ആകെ	**382705**			

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/16.08.2025) ക്രമ നം.1, 3, വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയതായും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും ക്രമ നം.2 റേറ്റ് റിവിഷൻ പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായും ബാലൻസ് തുക അടവാക്കണമെന്നും ആവശ്യപ്പെട്ട് കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും കരാർ ചമയ്ക്കുന്നതിന് കെ എസ് ഇ ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 382705 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-44 ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
ഹരിതകർമ്മസേനയ്ക്ക് ട്രോളി വാങ്ങി നൽകൽ, Spill Over, പ്രോജക്ട് നം-S0268/25	₹2,55,952/-	₹29,357/-(തനത് ഫണ്ട്) ചെക്ക് നം. 041464/25.10.24, (LGTSB)

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹29,357/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്കുള്ള (നം.18/18.8.2025) മറുപടിയിൽ, പഞ്ചായത്തിൽ നവീകരണ

പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഫയൽ സൂക്ഷിച്ചിരുന്ന സ്ഥലത്ത് കണ്ടെത്തുവാൻ സാധിച്ചില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച ₹29,357/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-45 ഈടാക്കിയ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും നിശ്ചിത ഫണ്ടുകളിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്തു വിഭാഗം പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ റോഡ് ടാറിംഗ് നടത്തുന്ന പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ കരാറുകാരന് ഫൈനൽ ബിൽ തുക നൽകുമ്പോൾ കാലിവീപ്പയുടെ വിലയിനത്തിൽ 238/- രൂപയും 18% ജി.എസ്.ടിയുമുൾപ്പെടെ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി തുക പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും കാലിവീപ്പയുടെ വില ഏത് ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി നിർവഹിച്ചിട്ടുള്ളത് അതേ ഫണ്ടിലേയ്ക്കും ഒടുക്ക് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കി സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും	ഈടാക്കിയ ടാർ വീപ്പയുടെ വില	ഈടാക്കിയ ജി.എസ്.ടി	ഫണ്ട് ഇനം
1	S0097/25- നന്മ റോഡ്-മെറ്റലിംഗ് റീടാറിംഗ്	₹3094/-	₹559/-	തനത് ഫണ്ട്
2	S0232/25- എടവനാട്ട് റോഡ് ടാറിംഗ്	₹2248/-	-	മെയിന്റനൻസ് ഗ്രാന്റ്-റോഡ്

3	S0154/25 -കൊച്ചുവേളി-കുന്നുപുറം മെറ്റലിംഗ് & ടാറിംഗ്	₹2618/-	₹473/-	മെയിന്റനൻസ് ഗ്രാന്റ്-റോഡ്
4	S0254/25-മാതൃകാ റോഡ്-	₹2618/-	₹473/-	മെയിന്റനൻസ് ഗ്രാന്റ്-റോഡ്

മേൽ തുക ജി.ഒ. (പി) 177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3-ലെ നിർദ്ദേശം പാലിച്ച് അതത് ഫണ്ടുകളിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം-27/20-08-2025) ക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ഗ്രാമപഞ്ചായത്ത് തനതുഫണ്ടിലേക്ക് കൈമാറിയിട്ടുള്ളതായും ബാക്കി നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-46 വിശപ്പ് രഹിത പട്ടണക്കാട്-ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 'വിശപ്പ് രഹിത പട്ടണക്കാട്' എന്ന പ്രോജക്ടിൽ സ്പിൽ ഓവറായി (പ്രോജക്ട് നം.S0158/25) 29269/- രൂപയും തൻവർഷം (പ്രോജക്ട് നം.S0289/25) 91619/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ജനകീയ ഹോട്ടലിന്റെ വാടക, വൈദ്യുതി ചാർജ്ജ് എന്നിവ ഗ്രാമപഞ്ചായത്ത് നൽകി വരുന്നു. വാടക പ്രതിമാസം 8800/- രൂപ നിരക്കിലാണ് നൽകുന്നത്. കെട്ടിട വാടക നിശ്ചയിച്ചതായുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ രേഖകൾ, വാടക കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വൈദ്യുതി ചാർജ്ജിനത്തിൽ നൽകിയ തുകയിൽ 800/-രൂപ, 488/-രൂപ എന്നിവയുടെ ചെലവ് രേഖകൾ ഫയലിൽ ഇല്ല. രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (ഓഡിറ്റ് എൻക്വയറി നം.18/18.8.2025) മറുപടിയിൽ, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് വാടക നിശ്ചയിച്ചിട്ടുള്ളതെന്നും വാടക കരാറും 1288/-രൂപയുടെ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു.

ചെലവ് രേഖകളുടെ അഭാവത്തിൽ 1288/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-47 കെ-സ്മാർട്ടിൽ ഡാറ്റാ എൻട്രി നടത്താനുള്ള ക്രമീകരണം ഏർപ്പെടുത്താത്തതിനാൽ വിവരശേഖരണത്തിനായുള്ള ചെലവ് പാഴ്ചെലവായി

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതിന് താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാർക്ക് ഒരു കെട്ടിടത്തിന് 25/- രൂപ നിരക്കിൽ 321475/- രൂപ നല്കിയിട്ടുണ്ട്. ഡാറ്റാ എൻട്രി നടത്തി വസ്തുനികുതി പുതുക്കി നിർണ്ണയിച്ചിട്ടുമില്ല. ഡാറ്റാ എൻട്രി ഉൾപ്പെടെ ഒരു കെട്ടിടത്തിന് 50/- രൂപ നിരക്ക് അനുവദനീയമാണെങ്കിലും ഡാറ്റാ എൻട്രി നടത്താത്തതിനാൽ 25/- രൂപ നിരക്ക് മാത്രമാണ് നല്കിയിട്ടുള്ളത്. ഡാറ്റാ എൻട്രി നടത്തി നികുതി പരിഷ്കരണം നടപ്പാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (43/21.8.25) കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൌകര്യം ഏർപ്പെടുത്തിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് ഏർപ്പെടുത്തുന്ന മുറയ്ക്ക് ഡാറ്റാ എൻട്രി നടത്തുന്നതാണെന്നും അറിയിച്ചു. ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-48 റിട്രോഫിറ്റിംഗ്-അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ ആനുകൂല്യം നൽകി

നിർവ്വഹണം-വി.ഇ.ഒ വെട്ടയ്ക്കൽ സർക്കിൾ

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
റിട്രോഫിറ്റിംഗ് പ്രോജക്ട് നം. S0067/25	₹10,16,400/-(₹10 ലക്ഷം സി.എഫ്.സി, 16400/- തനത് ഫണ്ട്,)	₹2,67,960/-(₹258720/- സി.എഫ്.സി, 9240/- തനത് ഫണ്ട്)

മേൽ പദ്ധതി പ്രകാരം റിട്രോഫിറ്റിംഗിനായി 9240/- രൂപ വീതം 25 ഗുണഭോക്താക്കൾക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/20.8.2025) ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും ആയതിന് തൊട്ടടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതാണെന്നും അറിയിച്ചു. എന്നാൽ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകരിച്ചതായ രേഖകളോ കമ്മിറ്റി തീരുമാനമോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച ₹2,67,960/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-49 കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും ഈടാക്കിയത് തെറ്റായ ഹെഡ്ഡിൽ ഉൾപ്പെടുത്തി- നികുതി വിഹിതം നാളിതുവരെ ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വില ₹238/- ഉം ഇതിന്റെ 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ളതുൾപ്പടെയുള്ള റോഡ് പ്രവൃത്തികളിൽ കരാറുകാരന് ഫൈനൽ ബില്ല് പ്രകാരം തുക അനുവദിച്ചുവെങ്കിലും ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കണക്കാക്കി ഈടാക്കായിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്
S0265/25	തച്ചേത്ത് റോഡ് ടാറിംഗ്

S0096/25	മൂർത്തിങ്കൽ- പാറപ്പള്ളി റോഡ് മെയിന്റനൻസ് മൂന്നാംഘട്ടം - വാർഡ് 13
S0168/25	പൊന്നംവെളി -വെള്ളേച്ചിറ റോഡ് റീ ടാറിംഗ് - വാർഡ് 5
S0194/25	റിഥം റോഡ് മെറ്റലിംഗ് & ടാറിംഗ്
S0168/25	ചങ്ങങ്കാട്ട്- ചെമ്മരപ്പള്ളി റോഡ് മെറ്റലിംഗ് & ടാറിംഗ്
S0230/25	കുരിശുപള്ളി നികർത്തിൽ റോഡ് റീടാറിംഗ്
S0224/25	വള്ളോത്തറ-പെരിങ്ങാട്ട് റോഡ് മെറ്റിലിംഗ് & ടാറിംഗ്
S0258/25	PHC- പള്ളിക്കുർ റോഡ് ടാറിംഗ്
S0261/25	വെളിയകത്ത്- ചാലിച്ചിറ റോഡ് ടാറിംഗ്
S0220/25	ഉദ്ദിഷ് ടാക്സിഹൗസ്- വെളിയങ്ങാട്ട് റോഡ് പുനരുദ്ധാരണം

മേൽ സൂചിപ്പിച്ച വിധം കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കുറവ് ചെയ്യാതെ ഫൈനൽ ബിൽ നൽകിയതിനാൽ കരാറുകാർക്ക് അധികം തുക നൽകുവാനിടയായി. കാലിവീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിലേക്കും (തനത് ഫണ്ട് ഒഴികെയുള്ളവ) കാലി വീപ്പയുടെ ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിലേക്കും യഥാസമയം ഒടുക്ക് വരുത്തേണ്ടിയിരുന്നു. ഇപ്രകാരം ചെയ്യാത്തതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് **(നം-9/18-08-2025)** തുക ഈടാക്കിയെന്നും ഇത് ഫൈൻ ഈടാക്കുന്ന ഹെഡിൽ തെറ്റായി ഉൾപ്പെട്ടതാണെന്നുമാണ് അറിയിച്ചത്. അങ്ങനെയെങ്കിൽ കാലിവീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിലേക്കും (തനത് ഫണ്ട് ഒഴികെയുള്ളവ) കാലി വീപ്പയുടെ ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിലേക്കും നാളിതുവരെ ഒടുക്കിയിട്ടില്ല. കരാറുകളിലെ ഇൻഷുറൻസ് എടുക്കാത്തതിനുള്ള പിഴയും മേൽ പ്രോജക്ടുകളിൽ നിന്നും ഈടാക്കിയിട്ടില്ല. ഇതെല്ലാം പരിശോധിച്ച്, ബന്ധപ്പെട്ടവരിൽ നിന്നും പിഴ ഈടാക്കി അർഹമായ തുക അതത് ഫണ്ടുകളിലേയ്ക്കും ജി.എസ്.ടി ബന്ധപ്പെട്ട ശീർഷകത്തിലേയ്ക്കും ഒടുക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-50 മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത ഇൻഷുറൻസ് കവറേജ് എടുത്തിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് (ക്ലോസ് 12.1,12.2) വ്യവസ്ഥ പ്രകാരം മരാമത്ത് പ്രവൃത്തി, പ്രവൃത്തിയിൽ ഉൾപ്പെടുന്ന മെറ്റീരിയൽസ്, മെഷിനറീസ്, തൊഴിലാളികൾ എന്നിവർക്കായി കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തി സംബന്ധമായി ഉണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പൊതുമരാമത്ത് വിഭാഗത്തിൽ വരുന്ന പ്രവൃത്തികളിലെല്ലാം പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ഇൻഷ്വറൻസ് കവറേജ് എടുത്ത് കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. പ്രവൃത്തിയുടെ ലെറ്റർ ഓഫ് അക്സെപ്റ്റൻസിലും, എഗ്രിമെന്റിലും ഇക്കാര്യം കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്തതിനാൽ കരാറുകാരുടെ ബില്ലിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ നിശ്ചിത നിരക്കിലുള്ള ഫൈൻ ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം പോളിസി എടുക്കാതെ പിഴ ഈടാക്കിയിട്ടുള്ള ഏതാനും പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	**പ്രോജക്ടിന്റെ പേര്**	**ഈടാക്കിയ ഫൈൻ തുക**
S0073/25	മുതുമേൽ- മുട്ടുങ്കൽ റോഡ് റീടാറിംഗ് - വാർഡ് 1	₹ 1853/-
S0203/25	ആറാട്ടുവഴി -പുളിക്കത്തറ റോഡ് റീ ടാറിംഗ് - വാർഡ് 18	₹1422/-
S0230/25	കുരിശുപള്ളി-നികർത്തിൽ റോഡ് റീ ടാറിംഗ് - വാർഡ് 3	₹614/-
S0097/25	നന്മ റോഡ് മെറ്റലിംഗ് & ടാറിംഗ്, വാർഡ്- 16	₹1690/-

S0110/25	റെയിൽവേ സ്റ്റേഷൻ ചാലിപ്പുറം- റോഡ് റീ ടാറിംഗ്, വാർഡ്- 2	₹1313/-
S0101/25	കൊല്ലംവെളി വനിതാസംഘം റോഡ് ടാറിംഗ്	₹1681/-

ഇൻഷുറൻസ് കവറേജിനുള്ള ചെലവ് താരതമ്യപ്പെടുത്തിയാൽ നൽകുന്ന പിഴത്തുക വളരെ കുറവായതിനാൽ കരാറുകാർ ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് പകരമായി ഫൈൻ ഒടുക്കി വരുന്നതായാണ് പൊതുവേ കാണുന്നത്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഭൂരിപക്ഷം പ്രവൃത്തികളിലും ഇൻഷുറൻസ് കവറേജ് ബാധകമാക്കിയിട്ടില്ല. ഇത് പ്രവൃത്തികളിലെല്ലാം ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമല്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് **(നം-7/18-08-2025)** നൽകിയ മറുപടിയിൽ മാർച്ച് മാസമാണ് ഭൂരിഭാഗം പ്രവൃത്തികളും നടക്കുന്നതെന്നും ബില്ലുകൾ യഥാസമയം മാറേണ്ട സാഹചര്യമുള്ളതിനാലാണ് ഫൈൻ ഈടാക്കി പ്രോജക്ട് നടപ്പിലാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളിലും ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് കരാറുകാർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനും ഇത് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-51 റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി നടപ്പാക്കാത്തത് മൂലം അധിക ചെലവ് ഉണ്ടാകുന്നു

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് മെയിന്റനൻസ് സംബന്ധമായ പ്രവൃത്തികളാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8(1) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിനുവേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാനും നിർദ്ദേശമുണ്ട്. 2024-25 ൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ റോഡ് പുനരുദ്ധാരണ

പ്രവൃത്തികളിൽ "റോഡ് സ്കാരിഫിക്കേഷൻ" എന്ന ഇനം പ്രവൃത്തി ചെയ്തിട്ടുണ്ട്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിനുവേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ റോഡുകളുടെ മെയിന്റനൻസ് നടത്താത്തതുകൊണ്ടാണ് റോഡ് മൊത്തമായി പൊളിച്ചു മാറ്റുന്ന പ്രസ്തുത ഇനം പ്രവൃത്തി ചെയ്യേണ്ടിവരുന്നത്. ഇത് റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ആകെ ചെലവ് കൂട്ടുകയും ഇതുമൂലം പഞ്ചായത്ത് ഫണ്ടിന് കൂടുതൽ നഷ്ടമുണ്ടാകുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ **ഓഡിറ്റ് എൻക്വയറി നം-10/18-08-2025 ക്ക് നൽകിയ മറുപടിയിൽ** വെള്ളക്കെട്ട് മൂലം റോഡിന് കൂടുതൽ തകരാർ ഉണ്ടാകുന്ന സ്ഥലങ്ങളിലാണ് ഇപ്രകാരം സാങ്കേതികപരമായി സ്കാരിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം യഥാസമയം കൃത്യമായ ഇടവേളകളിൽ റോഡ് മെയിന്റനൻസ് നടത്താത്തതെന്നും എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിച്ച റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 2023-24, 2024-25 എന്നീ രണ്ട് സാമ്പത്തിക വർഷങ്ങളിൽ മാത്രം 39 ലക്ഷം രൂപയിലധികം, യഥാസമയം പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിക്കാത്തത് മൂലം ലാപ്സായിട്ടുണ്ട്. റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും, അതിനനുസരിച്ച് കൃത്യമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അതിലൂടെ അധികച്ചെലവ് ഇല്ലാതാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

1-52 ക്യാഷ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല

സർക്കാർ ഇടപാടുകൾക്കായി എല്ലാ സർക്കാർ ഓഫീസുകളിലും ടി.ആർ - 7A മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് കേരള ട്രഷറി കോഡിലെ റൂൾ 92 (എ) (I) അനുശാസിക്കുന്നു. പണമിടപാടുകൾ സംബന്ധിച്ച ഓരോ രേഖപ്പെടുത്തലുകളുടെയും കൃത്യതയും സത്യസന്ധതയും ഉറപ്പു വരുത്തി, ഓരോ ദിവസത്തെയും ക്ലോസിംഗ് ബാലൻസ് എഴുതി ക്യാഷ് ബുക്ക് എല്ലാ ദിവസവും ക്ലോസ് ചെയ്ത് ഡി.ഡി.ഒ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം. (Rule 92 (A) (Iii)) ക്യാഷ് ബുക്കിലെ എല്ലാ എൻട്രികളും ഒറിജിനൽ ഡോക്യുമെന്റുകൾ ഉപയോഗിച്ച് ഡി.ഡി.ഒ പരിശോധിക്കണമെന്നും കേരള ട്രഷറി കോഡിൽ എ

നിർദേശിച്ചിട്ടുണ്ട്. മാത്രമല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ് ബുക്ക് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സാംഖ്യ സോഫ്റ്റ്വെയർ മുഖേന മരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളാണ് പ്രധാനമായും അസിസ്റ്റന്റ് എഞ്ചീനീയർ ഓഫീസ് മുഖാന്തരം നടപ്പാക്കി വരുന്നത്. ഓഫീസ് പ്രവർത്തനങ്ങൾക്ക് വിവിധ സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുമ്പോൾ തന്നെ ദൈനംദിന വരവ്-ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ് എന്ന സർക്കാർ നിർദ്ദേശം നിലനിൽക്കുന്നുണ്ട്. ഈ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം-11/18-08-2025) ലഭ്യമാക്കിയ മറുപടിയിൽ ഇനി ക്യാഷ് ബുക്ക് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃതമായി ക്യാഷ് ബുക്ക് തയ്യാറാക്കുന്നതിനും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-53 മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവുതുകകൾ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം ഒടുക്കുവരുത്തുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 -ലെ ഡി.ബി.1/7942/2010/സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ ഗ്രാമപ്പഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പുമേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അപ്രകാരം ആരംഭിക്കുന്ന അക്കൗണ്ടിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ ഇനത്തിലും മറ്റും ലഭിക്കുന്ന തുക യഥാസമയം തനതുഫണ്ടിൽ അടവാക്കേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ പരിപാലിക്കുന്ന ബാങ്ക് അക്കൗണ്ടിലെ

(എസ്.ബി.ഐ, പട്ടണക്കാട്, അക്കൗണ്ട് നം. 41202713199) വരവുതുകകൾ യഥാസമയം പഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കുന്നില്ല. 2024-25 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 01.04.2024 ൽ 3,59,330/- രൂപ മുന്നിരിപ്പും, 31.03.2025 ൽ 1,49,865/- രൂപ നീക്കിയിരിപ്പും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിൽ നിന്നും ₹3,64,940/- 07.11.2024 ലും ₹1,49,865/- 2.05.2025 ലും ഗ്രാമപഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരുമാനമായിട്ടും ഈ തുക വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്ത സ്ഥിതിയുണ്ട്. കൂടാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യവുമുണ്ട്. എന്നാൽ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ നീക്കിയിരുപ്പ് തുകയ്ക്ക് പലിശ ലഭിക്കുന്നതാണ്. ലഭിക്കുന്ന തുക യഥാസമയം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുന്നതുവഴി കണക്കുകൾ കൃത്യമാക്കുന്നതിനും ചെറിയ തോതിലെങ്കിലും പലിശ വരുമാനം ലഭിക്കുന്നതിനും സഹായകരമാണ്. സാമ്പത്തിക വർഷാവസാനം വരെ കറന്റ് അക്കൗണ്ടിൽ ടെണ്ടർ ഫീസ് സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടമായ സ്ഥിതിയുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം-8/17-08-2025) ലഭ്യമാക്കിയ മറുപടിയിൽ കൃത്യമായി തുക ഗ്രാമപഞ്ചായത്തിന് കൈമാറുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-54 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

സംസ്ഥാനങ്ങളുടെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15 (2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഗ്രാമപഞ്ചായത്തിന് ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

വർഷം	ഗ്രാന്റ്	ഇനം	ലഭിച്ച തുക
2021-22	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ്സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ	സ്കീം-3	₹4,95,834/-
2021-22	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ	സ്കീം-4	₹2,77,864/-
2022-23	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ	സ്കീം-3	₹10,92,000/-
2022-23	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ	സ്കീം-4	₹4,47,000/-

ബി) ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം

വർഷം	ഗ്രാന്റ്	ലഭിച്ച തുക	ചെലവഴിച്ച തുക
2021-22	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത്	₹4,95,834/-	₹4,83,093/-

	സെന്റർ & സബ് സെന്റർ		
2021-22	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ	₹2,77,864/-	₹2,77,862/-
2022-23	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു പ്രൈമറി ഹെൽത്ത് സെന്റർ & സബ് സെന്റർ	₹10,92,000/-	₹10,02,938/-
2022-23	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ	₹4,47,000/-	₹423176/-

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നാളിതുവരെ നടത്തിയിട്ടില്ല. ഗ്രാന്റിന്റെ വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികകളിൽ കൃത്യമായി ഉൾപ്പെടുത്തി വരുന്നതായും നാളിതുവരെ ആകെ ലഭ്യമായ ₹23,12,698/- ൽ ₹21,87,069/- ചെലവഴിച്ചതായും ബാലൻസ് നിൽക്കുന്ന തുക ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നതായും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ആകെ വരവിന്റെ 94.56% ചെലവ് വന്നിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിലൂടെ ആരോഗ്യസ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്തുവാനും മികച്ച സേവനനിലവാരം ഉറപ്പാക്കാനും സാധിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു. ഇതിനെ സംബന്ധിച്ചുള്ള ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധമായ വിശദമായ പരിശോധനകളൊന്നും സാധ്യമായിട്ടില്ല.

പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം

ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം മേഖലകളിലെ ജനങ്ങൾക്കാണ് ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ സേവനങ്ങൾ ലഭ്യമാകാത്തതെന്നും ഏതെല്ലാം മേഖലകളിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും പോരായ്മകൾ കൂടുതൽ നിലനിൽക്കുന്നതെന്നും വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്കി നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുക വിനിയോഗിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് ആരോഗ്യപരിരക്ഷയും മികച്ച സേവനവും ഉറപ്പുവരുത്തുന്നതിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-55 ജൽ ജീവൻ പദ്ധതി-അവലോകനം

പഞ്ചായത്തിലെ നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കുടിവെള്ള ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് കേരളത്തിലെ ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം 15% ഉം, ഗുണഭോക്തൃ വിഹിതം 10% ഉം ആണ്.

പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും വകയിരുത്തുകയോ വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല. എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള

കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജൽജീവൻ പദ്ധതി നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൊതുസ്ഥാപനങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ ശുദ്ധജല സുരക്ഷയും, കുടിവെള്ള ലഭ്യതയും ഉറപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് ഇനിയും ഏറെ ദൂരം മുൻപോട്ട് പോകേണ്ടതുണ്ട്. അതിനാവശ്യമായ സത്വര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഒരേ കാലയളവിൽ രണ്ട് നിരക്കിൽ ബയോബിന്നുകൾ പർച്ചേസ് ചെയ്തു

ഗ്രാമപഞ്ചായത്തിലെ പട്ടണക്കാട്, വെട്ടയ്ക്കൽ സർക്കിളുകളിലെ വി.ഇ.ഒ.മാർ 2024-25 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതി പ്രകാരം ബയോബിൻ വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ, ഒരേ സ്പെസിഫിക്കേഷനുകളിലുള്ള ബയോബിന്നുകൾ ഒരേ കാലയളവിൽ രണ്ട് വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ഒരേ സ്പെസിഫിക്കേഷനിലുള്ള ബയോബിന്നുകൾക്കായി രണ്ട് പേരും ഒരേ കാലയളവിൽ വെവ്വേറെ ഇ ടെണ്ടർ

ക്ഷണിക്കുകയും വ്യത്യസ്ത നിരക്കിൽ രണ്ട് സ്ഥാപനങ്ങളിൽ നിന്നായി വാങ്ങൽ നടത്തുകയുമാണ് ചെയ്തിരിക്കുന്നത്.

- പട്ടണക്കാട് സർക്കിൾ: 2023 ഡിസംബറിൽ ആലപ്പി ബയോടെക് എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ബിന്നിന് ₹1137/- നിരക്കിൽ 800 എണ്ണം വാങ്ങി.
- വെട്ടയ്ക്കൽ സർക്കിൾ: 2024 ഫെബ്രുവരിയിൽ റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ബിന്നിന് ₹1415/- നിരക്കിൽ 531 എണ്ണം വാങ്ങി.

ഈ രണ്ട് വാങ്ങലുകളും ഒരേ സമയത്താണ് നടന്നതെങ്കിലും ഒരു ബയോബിന്നിന് ₹278/- ന്റെ വില വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ലഭ്യമായിരുന്നിട്ടും ഉയർന്ന വിലയ്ക്ക് മറ്റൊരു സ്ഥാപനത്തിൽ നിന്ന് ബയോബിന്നുകൾ വാങ്ങിയ ഈ നടപടി സർക്കാർ ഫണ്ടിന് ₹1,47,618/- ന്റെ സാമ്പത്തിക നഷ്ടം ഉണ്ടാക്കി. പൊതുഫണ്ട് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെ ലംഘനമാണിത്. ഈ വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/20.8.2025) ലഭ്യമാക്കിയ മറുപടിയിൽ, പട്ടണക്കാട് സർക്കിളിൽ 50 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ചിരുന്നെങ്കിലും കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ ഭരണസമിതി അതേ വർഷം തന്നെ ബയോബിൻ പദ്ധതി ഉൾപ്പെടുത്തി വെട്ടയ്ക്കൽ സർക്കിൾ വി.ഇ.ഒ യെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഇ ടെണ്ടർ ക്ഷണിച്ചതിൽ, പട്ടണക്കാട് സർക്കിളിന് 1137/-രൂപ ഒരു യൂണിറ്റിന് ക്വാട്ട് ചെയ്ത ആലപ്പി ബയോടെക്ക് എന്ന സ്ഥാപനം കൂടിയ നിരക്ക് ക്വോട്ട് ചെയ്തതിനാലാണ് ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത റാംബയോളജിക്കൽ എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതെന്ന് അറിയിച്ചു.

ഒരേ ഇനം ഉൽപ്പന്നങ്ങൾ വ്യത്യസ്ത നിരക്കുകളിൽ വാങ്ങിയതിലൂടെ പൊതുഫണ്ടിന് ₹1,47,618/- രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക അധിക നിരക്കിൽ വാങ്ങൽ നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 സൗരഗാർഹിക വിളക്ക്-അധിക തുക സബ്സിഡി നൽകി

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നം./തീയതി
സൗര ഗാർഹിക വിളക്ക് എസ്.റ്റി പ്രോജക്ട് നം.S0058/25	₹17,000 (₹12600/-,എസ്.സി.പി, ₹4400/-തനത് ഫണ്ട്)	₹16,720/- (₹12600/-,എസ്.സി.പി, ₹4120/-തനത് ഫണ്ട്)	TRN 240605000000024821/20.3.25, ₹12,600/-, ചെക്ക് നം.000446/20.3.25, 4120/-(K Bank)

ടി പ്രോജക്ട് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സൗരഗാർഹിക വിളക്കിനായി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു ഗുണഭോക്താവിന് പരമാവധി നൽകാവുന്ന സബ്സിഡി തുക 4000/- രൂപയാണ്. എന്നാൽ ഇവിടെ 4180/- രൂപ വീതം ആകെ 720/-(4x180) രൂപ അധികം നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/18.8.2025) നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ 720/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ്

1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
15	98000/-	156000/-	0	സ്പാർക്ക് മുഖേന

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	225000	ലൈഫ് ഭവനനിർമ്മാണം 2020	225000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	714051	പാലിന് സബ്സിഡി	714051	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	100000	അഗതിരഹിത കേരളം ആശ്രയ	100000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	213400	ലൈഫ് ഭവനനിർമ്മാണം 2020	213400	0

ബ്ലോക്ക് പഞ്ചായത്ത്	2024-25	600000	നെൽകൃഷിക്ക് വിത്തും കൂലിചെലവും	600000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	100000	അനുപൂരക പോഷകാഹാരം	100000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	684400	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	684400	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	15627	അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ	15627	0
ആകെ		2652478		2652478	0
ജില്ലാ പഞ്ചായത്ത്	2024-25	100000	നെൽകൃഷിക്ക് വിത്തും കൂലിചെലവും	100000	0
ജില്ലാ പഞ്ചായത്ത്	2024-25	435175	ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	435175	0
ജില്ലാ പഞ്ചായത്ത്	2024-25	346288	വഞ്ചിത്തോട് നീരൊഴുക്ക് വർദ്ധിപ്പിക്കൽ	346288	0
ജില്ലാ പഞ്ചായത്ത്	2024-25	40000	ലൈഫ് കാളിവീട് ഹരിജൻ കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	40000	0
ആകെ		921463		921463	0

4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

വർഷം	നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൌച്ചർ നമ്പർ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
2024-25	കെ എസ് ഇ ബി	പ്രോജക്ട് നം. S0201/25 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	42401694 42401677	41107	**0**	41107
ആകെ				**41107**	0	**41107**

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷത്തെ വായ്പ	ആകെ വായ്പ	തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
KURDFC	5,40,21,563	67,62,441		56,04,710		5,51,79,294

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 15639/-രൂപയുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഈടാക്കിയ തുക ₹	ഒടുക്കിയ ആളുടെ പേര്	രശീതി നമ്പർ/തീയതി
1	2023-24	1634	മനോജ്കുമാർ	1241000602/05.08.2024
2	2023-24	1285	അക്ഷയ ലാൽ	1241000603/05.08.2024
3	2023-24	592	ഭാർഗ്ഗവൻ	1241000604/05.08.2024
4	2023-24	7500	വി സി അശോക് കുമാർ	1241000863/27.09.2024
5	2023-24	4628	എം സി കുര്യാക്കോസ്	1241001071/13.11.2024
		15639		

2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ വിവിധ ഓഡിറ്റ് എൻക്വയറികളുമായി ബന്ധപ്പെട്ട് തുക ഒടുക്ക് വരുത്തിയതിന്റെ വിവരങ്ങളാണ് ഓഡിറ്റ് റിക്കവറി ഹെഡിൽ ചേർത്തിരിയ്ക്കുന്നത്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	8,46,47,335
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	7,19,61,469
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1,48,338
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹21,03,165

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	

3-1 (എ)		147618	ശ്രീമതി. നിഷ ജോൺ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വെട്ടയ്ക്കൽ സർക്കിൾ
3-2		720	ശ്രീമതി. യു റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
ആകെ	00	148338/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	207000	ശ്രീമതി.യു.റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
1-20	136900	ശ്രീമതി. ഇന്ദുലേഖ.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-22	68852	ശ്രീമതി. യു.റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
1-23 (ബി)	97782	ശ്രീമതി.ഇന്ദുലേഖ എൻ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പട്ടണക്കാട് സർക്കിൾ
1-23 (സി)	219325	ശ്രീമതി. നിഷ ജോൺ, വി.ഇ.ഒ വെട്ടയ്ക്കൽ സർക്കിൾ
1-25	121080	ശ്രീമതി. ഇന്ദുലേഖ എൻ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പട്ടണക്കാട് സർക്കിൾ
1-26	20,000	ശ്രീമതി. യു.റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
1-27	96,500	ശ്രീമതി. യു.റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
	1,01,041	ശ്രീ. ശശികുമാർ, സെക്രട്ടറി
1-30	255000	ശ്രീമതി. യു.റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
1-31	37875	ശ്രീ. ശശികുമാർ, സെക്രട്ടറി

1-32	10500	ശ്രീമതി. ഇന്ദുലേഖ.ജി, ഐ സി ഡി എസ് സൂപ്പർവൈസർ
1-38	50000	ശ്രീമതി. ഇന്ദുലേഖ എൻ.എസ്, വി.ഇ.ഒ പട്ടണക്കാട് സർക്കിൾ
1-43	341598	ശ്രീമതി. യു.റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
1-43	41107	ശ്രീ. ശശികുമാർ, സെക്രട്ടറി
1-44	29357	ശ്രീമതി. യു.റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
1-46	1288	ശ്രീമതി. യു.റ്റി സുരക്ഷിത,അസിസ്റ്റന്റ് സെക്രട്ടറി
1-48	267960	ശ്രീമതി. നിഷ ജോൺ, വി.ഇ.ഒ വെട്ടയ്ക്കൽ സർക്കിൾ
ആകെ	2103165	

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഇന വിവരം	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-40 (1)	557	ആദായനികുതി	ശ്രീ. ശശികുമാർ, സെക്രട്ടറി
1-40 (2)	1526	ആദായനികുതി	ശ്രീമതി. യു.റ്റി സുരക്ഷിത, അസിസ്റ്റന്റ് സെക്രട്ടറി
1-42	5235	ജി.എസ്.റ്റി	ശ്രീമതി. ഇന്ദുലേഖ.ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
ആകെ	7318		

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. യു.റ്റി സുരക്ഷിത, അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്	ഹരിദേവ് ഭവൻ കണ്ണങ്കര പി.ഒ, തണ്ണീർമുക്കം
ശ്രീമതി. നിഷ ജോൺ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വെട്ടയ്ക്കൽ സർക്കിൾ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പട്ടണക്കാട് ഗ്രാമപഞ്ചായത്ത്	കുട്ടുങ്കൽ ഹൗസ്, തൈക്കൽ പി.ഒ, ചേർത്തല
ശ്രീമതി.ഇന്ദുലേഖ എൻ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പട്ടണക്കാട് സർക്കിൾ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പട്ടണക്കാട് ഗ്രാമ പഞ്ചായത്ത്	ഹിൽവ്യൂ ചേർത്തല സൗത്ത് പി.ഒ
ശ്രീ. ശശികുമാർ, സെക്രട്ടറി	സെക്രട്ടറി, പട്ടണക്കാട് ഗ്രാമ പഞ്ചായത്ത്	അറക്കൽ ഹൗസ്, കലവൂർ പി ഒ ആലപ്പുഴ
ഡോ.ജെയിംസ്.പി.ജോയ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, പട്ടണക്കാട്	പുത്തൻ വീട്ടിൽ ഹൌസ്, അത്താണിയേടത്ത് റോഡ്,

		പയ്യാറ്റിൽ ലെയിൻ, വെണ്ണല പി.ഒ , കൊച്ചി-28
ശ്രീമതി. ഇന്ദുലേഖ ജി, ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ, പട്ടണക്കാട് ഗ്രാമ പഞ്ചായത്ത്	എറമത്ത് ഹൗസ്, കളവംകോടം പി.ഒ ചേർത്തല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98 ചെലവ്	എൽ.എഫ്.എ5-1832/2011/17.01.2012
2002-03	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2003-04	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2004-05	എൽ.എഫ്.എ5-1832/2011/17.01.2012
2005-06	എൽ.എഫ്.എ5-1832/2011/17.01.2012
2006-07	എൽ.എഫ്.എ8-49/10/18.10.10/10.11.10
2007-08	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2008-09	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2009-10	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2010-11, 2011-12	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2012-13	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023

2013-14	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2014-15	കെ.എസ്.എ എ.എൽ.പി./പി.2-617/16/09.06.2016
2015-16	കെ.എസ്.എ/എ.എൽ.പി/പി2/1254/16/14.11.2016
2016-17	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2017-18	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2018-19	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2019-20	കെ.എസ്.എ.എ.എൽ.പി-പി2-344/21/12.4.21
2020-21	കെ.എസ്.എ.എ.എൽ.പി-പി2-194/22/6.05.22
2021-22	കെ.എസ്.എ.എ.എൽ.പി-പി2-1370/22/4.11.22
2022-23	കെ.എസ്.എ.എ.എൽ.പി-പി2-1094/2023/ 03.10.23
2023-24	കെ.എസ്.എ-എ.എൽ.പി/പി 2 - 776/2024/07.10.2024

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 25-06-2025 and submitted on 05-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pattanakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a

reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pattanakkad Grama Panchayat as on 31-03-2025

Date: 07/11/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pattanakkad Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1. Basic financial ratios are not included in the Annual Financial Statement.
2. The DCB Report from Sanchaya software do not match with AFS.
3. Lapses in making timely and accurate demand entries in respect of tax and non tax revenue.
4. No bank balance available against the figures shown as liability for the joint venture projects.
5. The true value of the land is not included in the asset register.
6. The accuracy of the remaining loan amount to be repaid is not ensured.
7. Sulekha expenditure report shows an amount spent that is more than the actual expenditure in AFS and Bank statement.

Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്